

പ്രതീക്ഷയുടെ
പൂമൊട്ടുകൾ
വാല്യം 34 ലക്കം ഏപ്രിൽ 2016 വാർഷിക വരിസംഖ്യ ₹ 100
പ്രോസാങ്ങ് ടിറ്റി പബ്ലിക്കേഷൻസ്



## പിതൃമൊഴി

ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ


ബലിയായിത്തീരുന്ന സാക്ഷിയാണ് രക്തസാക്ഷി. ക്രിസ്ത്യാനി എന്ന നിലയ്ക്ക് നമ്മുടെ ത്യാഗാർപ്പണമായ സാക്ഷ്യത്തിലൂടെ ലോകത്തെ വീണ്ടെടുക്കണം.

നാം പരസ്പരം ഭാരം വഹിക്കണം. എന്നാൽ നാം മറ്റുള്ളവർക്ക് ഭാരമാകാതിരിക്കുവാൻ കഴിയുന്നത്ര പരിശ്രമിക്കുകയും വേണം.

ജീവിക്കുന്ന ഒരു ക്രിസ്തീയതയാണ് ലോകത്തിനു വേണ്ടത്. ലോകത്തിന്റെ എല്ലാ ആവശ്യങ്ങൾക്കും മൂല്യവത്തായ ഒരു മറുപടി നല്കുവാൻ നമുക്കു കഴിയണം.

ലോകത്തിനു പുഞ്ചിരി ആവശ്യമാണ്. പുഞ്ചിരി നന്മയുടെയും മനസ്സിലാക്കലിന്റെയും പ്രകാശനമാണ്.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ



വാല്യം 34 ശ്ലീഹാ ലക്കം ഏപ്രിൽ 2016

"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)

രക്ഷാധികാരി:
ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം

എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ:
മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ

മാനേജിംഗ് എഡിറ്റർ:
അന്നമ്മ കുളത്തുപുരയിടം എ.ഒ.

എക്സിക്യൂട്ടീവ് എഡിറ്റർ:
ഷിനി തെരേസ് എ.ഒ.

പത്രാധിപസമിതി:
റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ
അനു കുരിശുംമൂട്ടിൽ എ.ഒ.
ജിസ കൂട്ടിയാനിക്കൽ എ.ഒ.

അഡ്വൈസറി ബോർഡ്:
റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ
റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ
വിൽസൺ ജോർജ്ജ് അറയ്ക്കൽ M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
പ്രിൻസി മൈലാടിയിൽ എ.ഒ.
മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ
മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ

ഫിനാൻസ് മാനേജർ:
ഷീലമ്മ പൂതക്കുഴി എ.ഒ.

കവർ ഡിസൈനിംഗ് & ലേഔട്ട്
ഡോളി കണ്ടച്ചാലിൽ എ.ഒ.

വാർഷിക വരിസംഖ്യ ₹ 100/-

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862
Email: wigipress@gmail.com

പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്
സ്പിരിച്ച്വാലിറ്റി സെന്റർ
മാങ്ങാനം പി. ഒ.
കോട്ടയം 686 018
ഫോൺ: 9497588192, 0481-2578192
Email: psmktm@gmail.com

## ഉള്ളടക്കം

- ശ്ലീഹാക്കാലം: ശ്ലീഹന്മാർ പ്രഘോഷിച്ച ദൈവകാരുണ്യത്തിന്റെ ധ്യാനം 05
- പരിവർത്തനാത്മക ജീവിതം 09
- ആദിമസഭയുടെ ചൈതന്യത്തിൽ 12
- കേന്ദ്രസ്ഥാനീയൻ മൂലയിലോ? 14
- പരിസ്ഥിതി സംരക്ഷണവും പരിസ്ഥിതി വിദ്യാഭ്യാസവും 15
- വിശുദ്ധിയുടെ മുത്തുകൾക്ക് 18-19
- Christian Witnessing: a Love Affair with Truth 20
- നീതിബോധത്തിന്റെ മനോഭാവം 22
- വിശുദ്ധരോടൊപ്പം 25
- ഇത് നിങ്ങളാണോ? 28
- ക്രൂശിൽ വിടർന്ന പൂക്കൾ 29
- സെനക്കിൾ തരംഗം 31
- ആത്മീയതയുടെ പരിവേഷങ്ങളും അരൂപിയുടെ ഫലങ്ങളും 32
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 34

എഡിറ്റോറിയൽ

# മിശിഹായുടെ സാക്ഷികളാകുക

*"പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും"* (നട 1,8).

പരിശുദ്ധാത്മാവിന്റെ ആഗമനം ശ്ലീഹന്മാരിൽ വലിയ മാറ്റമുളവാക്കി. അതുവരെ ഭീരുക്കളായിരുന്ന ശ്ലീഹന്മാർ ധൈര്യമുള്ളവരായി. അക്ഷരജ്ഞാനമില്ലാതിരുന്ന അവർ വിജ്ഞാനികളെ ലജ്ജിപ്പിക്കത്തക്കവിധം അറിവുള്ളവരായി. പ്രാണഭയത്താൽ ഈശോയെ തള്ളിപ്പറഞ്ഞവരും ഉപേക്ഷിച്ച് ഓടിപ്പോയവരും പ്രാണൻ വെടിഞ്ഞും അവിടുത്തേക്കു സാക്ഷ്യം വഹിച്ചു. വി. യോഹന്നാൻശ്ലീഹാ ഒഴികെ മറ്റ് ശ്ലീഹന്മാരെല്ലാവരും ഈശോയിലുള്ള വിശ്വാസപ്രഖ്യാപനത്തിന്റെയും പ്രഘോഷണത്തിന്റെയും പേരിൽ വധിക്കപ്പെട്ടു. എന്നാൽ അതുകൊണ്ട് ക്രിസ്തീയവിശ്വാസത്തിന്റെ അടിത്തറയിളക്കുവാനും വിശ്വാസികളെ അടിച്ചമർത്തുവാനും ശത്രുക്കൾക്കായില്ല. കൂടുതൽ കൂടുതൽ ആളുകൾ മാമ്മോദീസാ സ്വീകരിച്ചുകൊണ്ട് ക്രിസ്തീയവിശ്വാസത്തിലേക്കു കടന്നുവന്നു. ആദ്യനൂറ്റാണ്ടുകളിലെ കൊടിയ മതമർദ്ദനത്താൽ രക്തസാക്ഷികളായവരുടെ ചുടുനിണമാണല്ലോ സഭയുടെ വളർച്ചയെ പരിപോഷിപ്പിച്ചത്.

ലോകത്തെവിടെയെങ്കിലും സഭ പീഡിപ്പിക്കപ്പെടാതെ കഴിഞ്ഞ നൂറ്റാണ്ടുകൾ കടന്നുപോയിട്ടില്ല. സാഹചര്യങ്ങൾ പ്രതികൂലമാണെന്നറിഞ്ഞിട്ടും തങ്ങളുടെ പ്രേഷിതവേല തുടർന്നതിന്റെ പേരിൽ യെമനിൽ ജീവത്യാഗം ചെയ്യേണ്ടിവന്ന സമർപ്പിതരാണ് രക്തസാക്ഷികളുടെ ശൃംഖലയിൽ അവസാനം കൂട്ടിച്ചേർക്കപ്പെട്ടവർ. മരണത്തെക്കാൾ ഭീകരമെന്നു വിശേഷിപ്പിക്കാവുന്ന അവസ്ഥയിലാവണം തട്ടിക്കൊണ്ടുപോകപ്പെട്ട ഫാ. ടോം ഉഴുന്നാലിൽ. എന്നാൽ പ്രശ്നകലുഷിതമായ പ്രദേശങ്ങളുൾപ്പെടെ എല്ലായിടത്തും തങ്ങളുടെ ജീവിതങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും മിശിഹായുടെ സ്നേഹം പകർന്നുകൊടുക്കുവാൻ കർത്താവിന്റെ പ്രേഷിതരെ പ്രചോദിപ്പിക്കുന്നതും ശക്തിപ്പെടുത്തുന്നതും പരിശുദ്ധാരൂപിയാണ്. വിശ്വാസത്യാഗത്തെക്കാൾ ജീവത്യാഗം തിരഞ്ഞെടുക്കുവാൻ അവരെ ധൈര്യപ്പെടുത്തുന്നതും ദൈവാത്മാവാണ്.

അനുദിന ജീവിതസാഹചര്യങ്ങളിൽ നമ്മുടെ ഭൗതികമായ വളർച്ചയ്ക്കുവേണ്ടി വിശ്വാസത്തിനെതിരായ നിലപാടുകൾ കൈക്കൊള്ളുന്നെങ്കിൽ അത് വിശ്വാസത്യാഗംതന്നെയാണ്. വിശ്വാസത്തെ മുറുകെപ്പിടിച്ചുകൊണ്ട് പ്രതികൂലസാഹചര്യങ്ങളെ നേരിടാൻ നമുക്കു സാധിക്കണം. ലോകമെമ്പാടും പലയിടങ്ങളിൽ പീഡിപ്പിക്കപ്പെടുന്ന വിശ്വാസികൾക്കുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ട് അവരെ നമുക്കു ശക്തിപ്പെടുത്താം. ദൈവാത്മാവിന്റെ പ്രേരണയനുസരിച്ചുള്ള ജീവിതത്തിലൂടെ യഥാർത്ഥ ക്രിസ്തീയ സാക്ഷ്യം കൊടുക്കാൻ നമുക്കു പരിശ്രമിക്കുകയും ചെയ്യാം.

ചീഫ് എഡിറ്റർ



# ശ്ലീഹാക്കാലം:

## ശ്ലീഹന്മാർ പ്രഘോഷിച്ച ദൈവകാരുണ്യത്തിന്റെ ധ്യാനം


**ഡോ. തോമസ് പൂവത്താനിക്കുന്നേൽ**
റെക്ടർ, മേരിമാതാ മൈനർ സെമിനാരി, കാഞ്ഞിരപ്പള്ളി


ദൈവം സ്നേഹമാകുന്നു. സ്നേഹം കരുണയാണ്. ദൈവകരുണയുടെ പ്രകാശിത വഴിയും രൂപവുമാണ് കർത്താവിന്റെ സ്ലീവാപാത. ശ്ലീഹാക്കാലത്ത് ശ്ലീഹന്മാരുടെമേൽ കർത്താവയച്ച പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളാണല്ലോ നാം ധ്യാനവിഷയമാക്കുന്നത്. ഈ ആത്മാവ് നല്കുന്നതാകട്ടെ അവിടുന്ന് കുരിശിലൂടെ മഹത്വത്തിലേക്കു പ്രവേശിച്ചശേഷമാണ്. അങ്ങനെയെങ്കിൽ ഈ കാലഘട്ടത്തിൽ ധ്യാനവിഷയമാകേണ്ടതും പ്രഘോഷിക്കപ്പെടേണ്ടതും ദൈവകാരുണ്യത്തിന്റെ അനന്യഭാവമായ സ്ലീവായുടെ നിത്യനവീന രഹസ്യം തന്നെ.

*വിശ്വാസത്തിൻ സാക്ഷികളിൽ/ വിരവൊടെരിഞ്ഞോരീദാനം/ നിരുപമ ശക്തിയവർക്കേകി/ പീഡകളനവധിയേറ്റിടുവാൻ.*

പന്തക്കുസ്താനാളിൽ തീനാവുകളുടെ രൂപത്തിൽ ആഗതനായ പരിശുദ്ധാത്മാവിനെ സ്വീകരിച്ച ശ്ലീഹന്മാരിൽ വന്ന പരിവർത്തനത്തെ കുറിച്ചാണ് ശ്ലീഹാക്കാലം ഞായറാഴ്ചത്തെ ഓനീസാ ദക്ദത്തിൽനിന്നുള്ള ഈ ഉദ്ധരണി സൂചിപ്പിക്കുന്നത്. ശ്ലീഹന്മാർ ചരിച്ചത് സുവിശേഷത്തിന്റെ പാതയിലാണ്. അത് അവർക്ക് പീഡനങ്ങളുടെ കുരിശിന്റെ വഴിയായിരുന്നു. അവർക്കു ലോകത്തോടു പ്രഘോഷിക്കാനുണ്ടായിരുന്നതു മറ്റൊന്നല്ലായിരുന്നു. വി. പൗലോസ് ശ്ലീഹാ കോറിന്തോസിലെ സഭയ്ക്കെഴുതുന്നു: "ഞങ്ങളാകട്ടെ, യഹൂദർക്ക് ഇടർച്ചയും വിജാതീയർക്കു ഭോഷത്തവുമായ ക്രൂശിക്കപ്പെട്ട മിശിഹായെ പ്രസംഗിക്കുന്നു" (1 കൊറി 1,23). "അതിനാൽ, നിങ്ങൾ ഇപ്പോൾ സഹിച്ചുകൊണ്ടിരിക്കുന്ന എല്ലാ പീഡകളിലും ദുരിതങ്ങളിലും നിങ്ങൾ പ്രകടിപ്പിക്കുന്ന സ്ഥൈര്യത്തെയും വിശ്വാസത്തെയുംകുറിച്ച് ദൈവത്തിൻെറ സഭകളിൽവച്ചു ഞങ്ങൾതന്നെ അഭിമാനിക്കാറുണ്ട്" (2 തെസ 1,4) എന്ന് ശ്ലീഹാ തെസലോനിക്കയിലെ സഭാംഗങ്ങളെയും അനുസ്മരിപ്പിക്കുന്നു. "നമ്മുടെ കർത്താവായ ഈശോ

മിശിഹായുടെ കുരിശിലല്ലാതെ മറ്റൊന്നിലും മേൻമ ഭാവിക്കാൻ ഇടയാകാതിരിക്കാൻ" (ഗലാ 6,14) ശ്ലീഹന്മാർ ആഗ്രഹിച്ചിരുന്നു. ഉത്ഥാന രഹസ്യത്തെക്കുറിച്ച് ധ്യാനിക്കേണ്ട ഉയിർപ്പുകാലത്തിലെ ശനിയാഴ്ചത്തെ ഓനീസാ ദക്ക്ദത്തിൽ ഇപ്രകാരം ആലപിക്കുന്നു:

*കർത്താവേ, നിൻ ദൈവികമാം/ ശക്തി വിളങ്ങും സ്ലീവായിൽ/ ലജ്ജിതനായ് ഞാൻ തീരില്ല./ ശത്രുജനങ്ങൾ പോലും നിൻ/ കുരിശിൽ വിജയം ദർശിച്ചു;/സത്യം നിത്യം വിജയിക്കും.*

എന്നാൽ, പലരും മിശിഹായുടെ കുരിശിൻെറ ശത്രുക്കളായി ജീവിക്കുന്നു എന്ന് പലപ്പോഴും പറഞ്ഞിട്ടുള്ളതുതന്നെ അവർ കണ്ണീരോടെ ആവർത്തിക്കുന്നു (ഫിലിപ്പി 3,18). ആകയാൽ ആവർത്തിക്കപ്പെടുന്ന അഥവാ ഇന്നും സജീവമായിരിക്കുന്ന സ്ലീവാപാതയുടെ ധ്യാനം നാം ഈ ശ്ലീഹാക്കാലത്തും തുടരേണ്ടിയിരിക്കുന്നു. നാമും സുവിശേഷപ്രഘോഷകരായ ശ്ലീഹന്മാരെപ്പോലെ കുരിശിന്റെ മഹത്ത്വം തിരിച്ചറിയുകയും ക്രൂശിതനെ ലോകത്തോടു പ്രസംഗിക്കുകയും വേണം. ഇന്നും അരങ്ങേറുന്ന കുരിശിന്റെ പാതയെ അവഗണിച്ച്, പാതയോരത്തും പള്ളിക്കുള്ളിലും സ്ഥാപിച്ചിരിക്കുന്ന സ്ലീവാപാതയുടെ ചിത്രത്തിൻെറ മുമ്പിൽ കണ്ണീർ വാർക്കുന്നതിലർത്ഥമില്ല. കഴിഞ്ഞ ലക്കത്തിന്റെ തുടർച്ചയായി ഈ ധ്യാനം നാം നടത്തുന്നു.

അധാർമ്മികതയെയും അവിഹിതവേഴ്ചകളെയും ധാർഷ്ട്യഭാവങ്ങളെയും അശുദ്ധവാക്കുകളുടെ പ്രയോഗങ്ങളെയും മഹത്ത്വവത്കരിക്കുകയും കുടുംബജീവിതത്തിന്റെ പരിശുദ്ധിയെയും അവിഭാജ്യതയെയും തച്ചുടയ്ക്കുകയും തിന്മകളെ ആദർശവത്കരിക്കുകയും ചെയ്യുന്ന പരിപാടികൾ ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റെയും കലാപ്രതിഭയുടെ പ്രകാശനത്തിന്റെയും അവകാശവാദമുന്നയിച്ച് മനുഷ്യഹൃദയങ്ങൾ വിരൂപമാക്കുമാറ് ആകർഷകമായി അവതരിപ്പിക്കുന്ന ഇന്നത്തെ മാധ്യമലോകം, ജനത്തെ പ്രേരിപ്പിച്ച് 'അവനെ ക്രൂശിക്കുക' എന്നാക്രോശിപ്പിച്ച പ്രമാണിമാരുടെ നവീന ജന്മമാണെന്നതിന് സംശയം വേണ്ട.

തിന്മയുടെ പ്രേരണയാൽ കണ്ണഞ്ചിപ്പിക്കുന്നതും ആസ്വാദ്യകരവും അഭികാമ്യവുമെന്നു (ഉൽപ 3,6) തെറ്റിദ്ധരിച്ച് ആകർഷകമായവയെ തേടുന്ന ഇന്നിന്റെ തലമുറകൾ സമൂഹമധ്യത്തിൽ പ്രശോഭിക്കുന്നതിന് എന്തു വഴികളും തേടുന്നു. ഇവരും ഇവരെ പ്രോൽസാഹിപ്പിക്കുന്ന ചാനലുകളും അവയിൽ മക്കൾക്കിടം കിട്ടാൻ നെട്ടോട്ടം നടത്തുന്ന രക്ഷാകർത്താക്കളും ഒരുപോലെ ദൈവത്തിന്റെ ദാനമായ, ദൈവസദൃശ്യരായ മക്കൾക്ക് കുരിശുതീർക്കുന്നു.

നിഷ്കളങ്കന്റെ രക്തത്തിന്റെ വിലയായി മുപ്പതു വെള്ളിക്കാശ് കൈപ്പറ്റി ദൈവപുത്രനെ ഒറ്റിക്കൊടുക്കുന്ന യൂദാസുമാർ ഇന്നുമുണ്ട്. പാവപ്പെട്ട കർഷകന്റെ ജീവനു വില പറയുന്ന അധികാരികളും പാവപ്പെട്ട ജനത്തിന്റെ നികുതി പണം ശമ്പളമായി പറ്റി അവരുടെ സേവനത്തിനായി നിയുക്തരായിരുന്നിട്ടും കൈക്കൂലി ലഭിക്കാതെ ഒരു വിരൽതുമ്പിൽ വിരിയേണ്ട ഒപ്പുപോലും ഇടാത്ത ഉദ്യോഗസ്ഥരും നിഷ്കളങ്ക രക്തം വിറ്റ് ജീവിക്കുന്നവർത്തന്നെ. കൂലിക്കനുസരിച്ച് ജോലിചെയ്യാത്തവരും, അവകാശങ്ങൾക്കുവേണ്ടി സമരം എന്നാൽ അവകാശങ്ങൾ നൽകാൻ കിമ്പളം എന്ന മനോഭാവം പുലർത്തുന്നവരും ഒരുപോലെ കുരിശിന്റെ വഴിയിലെ നവീന പീലാത്തോസുമാരും പുരോഹിതപ്രമാണിമാരുമാണ്.

വരുന്നവന്റെയുള്ളിൽ കുറ്റബോധവും ഭയവും വളർത്തി ജീവിക്കാനുള്ള അവന്റെ സകല ആത്മവിശ്വാസവും കെടുത്തി ശിഷ്ടകാലം അവനെ തങ്ങളുടെ പിന്നാലെ നടത്തുന്ന തട്ടിപ്പ് ആത്മീയതാകേന്ദ്രങ്ങൾ തമ്പുരാനെ പട്ടണത്തിനു വെളിയിൽ ക്രൂശിക്കാൻ വിട്ടുകൊടുക്കുന്നു. ആദ്ധ്യാത്മികതയുടെ വഴികളിൽ കച്ചവടത്തിന്റെയും അധീശത്വത്തിന്റെയും മനോഭാവം പുലർത്തുന്ന ആദ്ധ്യാത്മികാചാര്യന്മാരും അപ്രമാണിത്വം അവകാശപ്പെടുന്നവരും പുത്തൻ മഹാപുരോഹിതന്മാരും പുരോഹിതപ്രമാണികളുമായിത്തീരുന്നു. ഉദ്ദിഷ്ട കാര്യപ്രാപ്തിക്കായി മാത്രം പ്രാർത്ഥനയെ ആശ്രയിക്കുന്നവരും സന്തോഷത്തിൽ മാത്രം ഓശാനപാടുന്നവരും അപ്പം തിന്നു തൃപ്തിയടഞ്ഞ ശേഷം അതേ നാവുകൊണ്ടുതന്നെ 'അവനെ ക്രൂശിക്കുക' എന്നാക്രോശിച്ചവർക്ക് തുല്യരായിത്തീരുന്നു. ജറുസലേമിലേക്കുള്ള കർത്താവിന്റെ യാത്ര ആരംഭിച്ചിട്ട് നാളുകളേറെ





യായി. ആ വഴിയാത്രക്കിടയിൽ മുമ്പേപോയവർ മിണ്ടരുത് എന്നാക്രോശിച്ച് വഴിയോരത്തേക്ക് തള്ളിയ കുരുടന്റെ മുമ്പിൽ അവിടുന്ന് 'നിനക്കു ഞാൻ എന്തു ചെയ്തുതരണം' എന്ന് (മർക്കോ 10,51) ചോദിച്ചുനില്ക്കുന്ന സ്ഥലവും നാം കാണണം.

മകനെ കർത്തൃസവിധേ സമർപ്പിച്ച സാമുവേലിന്റെ അമ്മയായ ഹന്നായെപ്പോലെയും ഈശോയുടെ അടുക്കലേക്ക് മക്കളെ അനുഗ്രഹിക്കുവാൻ യാചിച്ച് കടന്നുവന്ന അമ്മമാരെപ്പോലെയുമാകേണ്ടവർ ചാനലുകളുടെ പിന്നാലെ പരക്കം പായുമ്പോഴും സുഖലോലുപതയുടെ മോഹങ്ങളിൽ വരുംതലമുറകളെ തളച്ചിടുമ്പോഴും അവിടുന്ന് പറയുന്നു, 'അവർ മിണ്ടാതിരുന്നാൽ കല്ലുകൾ ആർപ്പുവിളിക്കും'. അവിടുന്ന് നമ്മോടു പറയുന്നു: തടയരുത്, അവർ എന്റെ പക്കൽ വരട്ടെ. തങ്ങളെയും തങ്ങളുടെ മക്കളെയും ഓർത്ത് ദൈവസന്നിധിയിൽ കണ്ണീരോടെ പ്രാർത്ഥിക്കേണ്ട അമ്മമാർ മക്കളുടെ 'നന്മ' തേടി ട്യൂഷൻസെന്ററുകളിലും കോച്ചിംഗ് കേന്ദ്രങ്ങളിലും ആശ്രയം തേടുമ്പോൾ കുരിശിന്റെ വഴിയിൽ എട്ടാമിടം ആവർത്തിക്കുന്നു. കടന്നുവരുന്നവരെ അനുഗ്രഹിക്കാൻ വിരിച്ച കരങ്ങളും അവരെ സ്വീകരിക്കാൻ തുറക്കപ്പെട്ട തിരുഹൃദയവുമാണ് പതിനൊന്നാം സ്ഥലത്ത് നാം കണ്ടുമുട്ടുന്നത്. ആകയാൽ കുരിശിന്റെ വഴിയെ യാത്ര ചെയ്യുന്ന നമുക്ക് ഇനി ക്രൂശിതനെ നോക്കാം. കുരിശിന്റെ വഴിയിൽ അനേകരുണ്ടായിരുന്നു. എന്നാൽ ക്രൂശിതനെ നോക്കിയവരും കണ്ടവരും ചുരുക്കം. ക്രൂശിലേറ്റാൻ എത്തിയവരിൽ ഒരു ശതാധിപൻ അവിടുത്തെ നോക്കി; അവിടുന്ന് സത്യമായും നീതിമാനായിരുന്നു എന്നവൻ തിരിച്ചറിഞ്ഞു. യോഹന്നാൻ ശ്ലീഹാ കുരിശിനരികിൽ അവിടുത്തെ നോക്കി; ലഭിച്ചു അവനൊരമ്മയെ. പരിശുദ്ധ അമ്മ മകനെ നോക്കി കുരിശിൻ ചുവട്ടിൽ ഉണ്ടായിരുന്നു; അവൾക്ക് സ്നേഹിക്കാൻ ഒരു മകനെ ലഭിച്ചു.

കുരിശ് മരണത്തിന്റെയോ പാപത്തിന്റെയോ തിന്മയുടെയോ വിജയമല്ല, ദൈവകാരുണ്യത്തിന്റെ സ്നേഹത്തിന്റെ പ്രകാശിത രൂപമാണ്. മനുഷ്യന് അനുമാനിക്കാനോ ആഗ്രഹിക്കാനോ കഴിയാത്ത ദൈവകരുണയുടെ ഉന്നതപീഠവും ഉറവയുമാണ് കുരിശ്. ഹോസിയാ പ്രവാചകനിലൂടെയുള്ള കാരുണ്യത്തിന്റെയും ആർദ്രതയുടെയും ദൈവിക സ്വരം (ഹോസി 11,1-10) നാം ശ്രവിക്കുന്നു: "ഇസ്രായേൽ ശിശുവായിരുന്നപ്പോൾ ഞാനവനെ സ്നേഹിച്ചു; ഈജിപ്തിൽനിന്ന് ഞാൻ എൻെറ മകനെ വിളിച്ചു. ഞാൻ അവരെ അടുക്കലേക്കു വിളിക്കുന്തോറും അവർ എന്നിൽനിന്ന് അകന്നു പോവുകയാണു ചെയ്തത്. അവർ ബാൽദേവൻമാർക്കു ബലിയും വിഗ്രഹങ്ങൾക്കു ധൂപവും അർപ്പിച്ചുപോന്നു. എഫ്രായിമിനെ നടക്കാൻ പഠിപ്പിച്ചത് ഞാനാണ്. ഞാൻ അവരെ എൻെറ കരങ്ങളിലെടുത്തു; എന്നാൽ, തങ്ങളെ സുഖപ്പെടുത്തിയതു ഞാനാണെന്ന് അവർ അറിഞ്ഞില്ല. കരുണയുടെ കയർ പിടിച്ച് ഞാൻ അവരെ നയിച്ചു–സ്നേഹത്തിൻെറ കയർതന്നെ. എൻെറ ജനം എന്നെ വിട്ടകലാൻ തിടുക്കം കാട്ടുന്നു. അതുകൊണ്ട്, അവർക്കു നുകം വച്ചിരിക്കുന്നു. ആരും അത് എടുത്തു മാറ്റുകയില്ല. എഫ്രായിം, ഞാൻ നിന്നെ എങ്ങനെ ഉപേക്ഷിക്കും? ഇസ്രായേൽ, ഞാൻ നിന്നെ എങ്ങനെ കൈവിടും? എൻെറ ഹൃദയം എന്നെ വിലക്കുന്നു. എൻെറ അനുകമ്പ ഊഷ്മളവും ആർദ്രവുമായിരിക്കുന്നു. ഞാൻ എൻെറ ഉഗ്രകോപം നടപ്പാക്കുകയില്ല. എഫ്രായിമിനെ വീണ്ടും നശിപ്പിക്കുകയില്ല; ഞാൻ ദൈവമാണ്, മനുഷ്യനല്ല. നിങ്ങളുടെ ഇടയിൽ വസിക്കുന്ന പരിശുദ്ധൻ തന്നെ. ഞാൻ നിങ്ങളെ നശിപ്പിക്കാൻ വരുകയില്ല".

ദൈവം കനിഞ്ഞു നമ്മെ ആശ്ലേഷിക്കുന്ന ഇടമാണ് കുരിശ്. ദൈവം മനുഷ്യനോളം-അധഃപതിച്ച മനുഷ്യന്റെ തലങ്ങളിലേക്ക് ഇറങ്ങിവരുന്ന നിമിഷങ്ങൾ. അവന്റെ ജീവിതത്തിന്റെ അന്ധകാര മേഖലകളെ പ്രകാശിപ്പിക്കുവാൻ ദൈവം കടന്നുവന്ന വഴിത്താരയാണ് കുരിശ്. പാപത്തിന്റെ, നിരാശയുടെ, സഹനത്തിന്റെ, രോഗത്തിന്റെ അഗാധഗർത്തങ്ങളിലായിരിക്കുന്ന ഏതൊരു മനുഷ്യനെയും അവിടെനിന്നും കരകയറ്റി വാരിപ്പുണരുവാൻ നീട്ടപ്പെടുന്ന കർത്താവിന്റെ കരങ്ങളാണ് കുരിശിൽ പ്രകാശിക്കുന്നത്. ദൈവസ്നേഹത്തിന്റെ അത്യഗാധതയും അതിരുകളില്ലാത്ത വിശാലതയും പ്രകാശിപ്പിച്ച പീഠമാണ് കുരിശ്. ഇതാ തന്റെ സ്നേഹത്തിലേക്ക് നമ്മെ

വിളിക്കുവാൻ ഇരുകരങ്ങളും നീട്ടി സ്നേഹത്തിന്റെ ഇരിപ്പിടമായ ഹൃദയത്തിന്റെ കവാടങ്ങൾ തുറന്നിട്ട് അവിടുന്ന് ഈ കുരിശിൽ കാത്തിരിക്കുന്നു. കരുണയുടെ ഹൃദയകവാടം നാം കുരിശിൽ ദർശിക്കുന്നു. രക്ഷയുടെ തുറമുഖത്തിലേക്കുള്ള കവാടമാണിവിടം. കർത്താവിന്റെ കുരിശിലെ മരണം പ്രത്യാശയുടെ സുവർണ്ണകവാടം തുറക്കുന്നു. ഉയിർപ്പുകാലത്തിലെ ശനിയാഴ്ചത്തെ ഓനീസാ ദക്ദം ഇപ്രകാരമാണ്: *നാഥാ, നിന്നെ സ്ലീവായിൽ/ ശത്രു ജനങ്ങളുയർത്തിയ നാൾ/ മരണം ശരണം കൈവിട്ടു/ പാതാളത്തിൽ മരണത്തിൻ/ പിടിയിൽപ്പെട്ടു വലഞ്ഞവരിൽ/ ശാശ്വതശരണം തളിരിട്ടു.*

കുരിശിന്റെ രഹസ്യം നാം മനസ്സിലാക്കുമ്പോൾ കുറേ ശത്രുക്കളുടെ ഗൂഢതന്ത്രങ്ങളുടെയും പീലാത്തോസിന്റെയും കയ്യാഫാസിന്റെയും കെണിയിൽ നിസ്സഹായനായി വീണ ഈശോയെയല്ല നാം കാണുന്നത്. മറിച്ച്, തനിക്കു സംഭവിക്കാനിരിക്കുന്നത് വ്യക്തമായി അറിയുകയും അതിനെ നിയന്ത്രിക്കുകയും ചെയ്യുന്ന ഈശോയെയാണ്. പീഡാനുഭവം ആരംഭിക്കുന്നതും അവസാനിക്കുന്നതും ദൈവഹിതം നിറവേറ്റുന്ന ഈശോയിലാണ്. ഗദ്സമേനിൽ "പിതാവേ, അങ്ങേക്ക് ഇഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്ന് അകറ്റണമേ. എങ്കിലും, എൻെറ ഹിതമല്ല അവിടുത്തെ ഹിതം നിറവേറട്ടെ!" (ലൂക്കാ 22,42) എന്നു പറഞ്ഞുകൊണ്ട് തന്നെത്തന്നെ പിതാവിനു കയ്യാളിക്കുന്ന പിതൃവൽസലനായ പുത്രനെ നാം കാണുന്നു. അവസാനം, 'പിതാവേ, അങ്ങയുടെ കരങ്ങളിൽ എൻെറ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു' എന്നു പറഞ്ഞ് അവൻ ജീവൻ വെടിഞ്ഞു (ലൂക്കാ 23,46).

പരിശുദ്ധ കുർബാനയിൽ നാം ഇപ്രകാരം കാണുന്നു: "ഈശോ താൻ ഏൽപിച്ചു കൊടുക്കപ്പെട്ട രാത്രിയിൽ...". ഈശോ സ്വയം നമുക്കായി ഏൽപിച്ചു നൽകിയതാണ്. അവിടുന്ന് അരുൾ ചെയ്തിരിക്കുന്നു: "ഞാൻ അതു സ്വമനസ്സാ സമർപ്പിക്കുകയാണ്. അതു സമർപ്പിക്കാനും തിരികെ എടുക്കാനും എനിക്കധികാരമുണ്ട്. ഈ കല്പന എൻെറ പിതാവിൽനിന്നാണ് എനിക്കു ലഭിച്ചത്" (യോഹ 10,18).

വിശുദ്ധ ആഗസ്തീനോസ് വി.യോഹന്നാന്റെ സുവിശേഷ വ്യാഖ്യാനത്തിൽ ഇപ്രകാരം വിവരിക്കുന്നു: "തന്റെ ഇടയന് ഇടാനുള്ള തന്റെ ദുരാശയുടെ കുരുക്കുമായി അവസരം കാത്തിരിക്കുന്ന യൂദാസ്, ആട്ടിൻ തോലണിഞ്ഞ ചെന്നായ്, പടയാളികളുമായി, നൈയാമിക ശക്തിയോടെ എത്തുന്നു. എന്നാൽ ഈശോ, അവർ അന്വേഷിച്ചെത്തിയത് ആരെയെന്ന് ആരാഞ്ഞ് അതു ഞാനാണ് എന്നു വെളിപ്പെടുത്തുമ്പോൾ അവർ പിന്നിലേക്ക് മറിഞ്ഞുവീഴുന്നു. അവർക്ക് ആയുധങ്ങളും ആൾബലവും ഉണ്ടെങ്കിലും ഒരായുധവുമില്ലാതെ 'അതു ഞാനാണ്' എന്നു പറഞ്ഞവന്റെ മുമ്പിൽ അവർ നിലം പതിക്കുന്നു. വിധിക്കപ്പെടാനായി സ്വയം നല്കുമ്പോൾ ഇങ്ങനെ ചെയ്തെങ്കിൽ, വിധിയാളനായി വരുമ്പോൾ അവൻ എന്തു ചെയ്യും? മരിക്കാൻ വന്നപ്പോൾ അവന് ഇത്രയും ശക്തിയുണ്ടായിരുന്നെങ്കിൽ, ഭരിക്കാൻ വരുമ്പോൾ അവന്റെ ശക്തി എന്തായിരിക്കും?... സ്വയം മരണത്തിനായി വിട്ടുകൊടുത്തുകൊണ്ട് അവൻ നമ്മെ അന്വേഷിക്കുകയായിരുന്നു...

'ഇവർ പൊയ്ക്കൊള്ളട്ടെ' എന്ന അവിടുത്ത വാക്കുകൾ ഈശോയുടെ സ്വയാർപ്പണത്തെ സൂചിപ്പിക്കുന്നതോടൊപ്പം 'നീ എനിക്കു തന്നവരിൽ ആരെയും ഞാൻ നഷ്ടപ്പെടുത്തിയില്ല' എന്ന് അവിടുന്ന് പറഞ്ഞ വചനം പൂർത്തിയാക്കുകയും ചെയ്യുന്നു. പാപം മൂലം ദൈവത്തിൽ നിന്ന് അകന്നുപോയ മനുഷ്യന്റെ ദയനീയതയാണ് കുരിശിലെ ഈശോയുടെ നിലവിളി: "എന്റെ ദൈവമേ, എന്റെ ദൈവമേ"... തന്നെ ദൈവം ഉപേക്ഷിച്ചോ എന്ന അങ്കലാപ്പല്ല, ദൈവത്തിൽ നിന്നകന്ന് ഒറ്റപ്പെട്ടുപോയ മനുഷ്യന്റെ നിലവിളിയിലും വേദനയോടുമുള്ള ദൈവപുത്രന്റെ പങ്കുചേരലാണിവിടെ കേൾക്കപ്പെടുന്നത്. പാപത്തിന്റെ ഏറ്റവും ബീഭത്സമായ മുഖമാണിത്..

കുരിശിൽ വെളിപ്പെടുന്ന ദൈവകാരുണ്യത്തിന്റെ ഈ ഭോഷത്തമാണ് ശ്ലീഹന്മാരുടെ പ്രസംഗവിഷയം. ഇതുതന്നെയാണ് നാം കണ്ടെത്തി സ്വന്തമാക്കേണ്ടതും ജീവിതത്തിൽ നവീനമായി സൂക്ഷിക്കേണ്ടതും നവ്യമായ സ്ലീവാപാതയായി അവതരിപ്പിക്കേണ്ടതും.





# പരിവർത്തനാത്മക ജീവിതം

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**

കാനായിലെ വിവാഹവിരുന്നിൽ ഈശോ പ്രവർത്തിച്ച അത്ഭുതം അവിടുത്തെ പരസ്യജീവിതത്തിലെ ആദ്യ അത്ഭുതമായിരുന്നു. അതൊരു പരിവർത്തനാത്മകമായ അത്ഭുതവുമായിരുന്നു - വെള്ളം വീഞ്ഞാക്കി മാറ്റുന്ന അത്ഭുതം (യോഹ 2,1-11). തന്റെ രക്ഷാകരപ്രവർത്തനത്തിന് ഈശോ ഔദ്യോഗികമായി തുടക്കം കുറിക്കുന്ന സന്ദർഭമായിരുന്നു അത്. പരിശുദ്ധ കന്യകാമറിയത്തിന്റെ സാന്നിദ്ധ്യവും അവളോടുള്ള ഈശോയുടെ സംഭാഷണവും ഈ വസ്തുത സൂചിപ്പിക്കുന്നവയാണ്. തന്റെ



അമ്മ മറിയത്തെ ഈശോ 'സ്ത്രീയേ' എന്നു സംബോധന ചെയ്യുകയും ഈ അത്ഭുതം തന്റെ മഹത്ത്വീകരണത്തിലൂടെയുള്ള രക്ഷാകരപ്രവർത്തനത്തിനു തുടക്കംകുറിക്കുന്നു എന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നു (യോഹ 2,3-4). ഈശോയുടെ മഹത്ത്വീകരണത്തിലൂടെയുള്ള രക്ഷാകരപ്രവർത്തനത്തിൽ സഹകരിക്കുന്ന 'സ്ത്രീ'യാണ് പരിശുദ്ധ കന്യകാമറിയം. ഈശോയുടെ രക്ഷാകരപ്രവർത്തനത്തിനു തുടക്കംകുറിക്കുന്ന കാനാ സംഭവത്തിലും അന്ത്യംകുറിക്കുന്ന കാൽവരിയിലും അവൾ സന്നിഹിതയാണ് (യോഹ 19,25-27). ഈശോയുടെ രക്ഷാകരപ്രവർത്തനം പരിവർത്തനാത്മക സ്വഭാവമുള്ള ഒന്നാണെന്ന് ഈ അത്ഭുതം സൂചിപ്പിക്കുന്നു.



## കൂദാശാപരമായ പരിവർത്തനം

ഈശോയുടെ രക്ഷാകരപ്രവർത്തനത്തിന്റെ ഓർമ്മയാചരിക്കലായ പരിശുദ്ധ കുർബാനയിലാണ് ഒന്നാമത്തെ പരിവർത്തനം നടക്കുന്നത്. സെനക്കിളിൽ പരിശുദ്ധ കുർബാന സ്ഥാപിച്ചുകൊണ്ട് ഈശോ അരുളിച്ചെയ്ത വാക്കുകൾ ഈ പരിവർത്തനസ്വഭാവത്തെ സൂചിപ്പിക്കുന്നവയാണ്. "അപ്പമെടുത്ത് ആശീർവദിച്ച്, മുറിച്ച്, ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് ഈശോ അരുളിച്ചെയ്തു: വാങ്ങി ഭക്ഷിക്കുവിൻ, ഇത് എന്റെ ശരീരമാണ്. അനന്തരം പാനപാത്രമെടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്ത് അവർക്കു കൊടുത്തുകൊണ്ടു പറഞ്ഞു: ... ഇത്... എന്റെ രക്തമാണ്" (മത്താ 26,26-28). അപ്പവും വീഞ്ഞും മിശിഹായുടെ ശരീരരക്തങ്ങളായി മാറുന്ന പരിവർത്തനമാണ് പരിശുദ്ധ കുർബാനയിൽ സംഭവിക്കുന്നത്. ഇതിന്റെ ഒരു സൂചന കാനായിലെ അത്ഭുതവിവരണത്തിൽ ഉണ്ടായിരുന്നതായി സഭാപിതാക്കന്മാർ കരുതുന്നുണ്ട്. മറിയം 'സ്ത്രീ' എന്ന നിലയിൽ സന്നിഹിതയായിരുന്ന കാൽവരിയിലും പരിശുദ്ധ കുർബാനയിലെ ഈ പരിവർത്തനത്തെ സംബന്ധിച്ചുള്ള സൂചനയുണ്ട്: "പടയാളികളിലൊരുവൻ അവന്റെ പാർശ്വത്തിൽ കുന്തം കൊണ്ടു കുത്തി. ഉടനെ അതിൽ നിന്നു രക്തവും വെള്ളവും പുറപ്പെട്ടു" (യോഹ 19,34). ഈ സംഭവത്തിൽ രക്തം പരിശുദ്ധ കുർബാനയെയും വെള്ളം മാമ്മോദീസായെയും സൂചിപ്പിക്കുന്നതായി സഭാപിതാക്കന്മാർ വ്യാഖ്യാനിക്കുന്നുണ്ട്. ഓരോ കുർബാനയിലും ഉത്ഥിതനായ ഈശോ സന്നിഹിതനായി അപ്പവും വീഞ്ഞും തന്റെ ശരീരരക്തങ്ങളായി മാറ്റി ഭക്ഷണപാനീയങ്ങളായി നമുക്കു നല്കുന്നു.

## ശുശ്രൂഷാപൗരോഹിത്യ പരിവർത്തനം

സെനക്കിളിൽ അന്ത്യത്താഴവേളയിൽ അപ്പവും വീഞ്ഞും തന്റെ ശരീരരക്തങ്ങളായി നല്കിയതിനുശേഷം ഈശോ ശിഷ്യന്മാരോടു പറഞ്ഞു: "എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ" (ലൂക്കാ 22,19). നിത്യപുരോഹിതനായ ഈശോ അന്ത്യത്താഴത്തിൽ നിർവഹിച്ച തന്റെ പുരോഹിതശുശ്രൂഷ തുടർന്നു നിർവഹിക്കുവാനുള്ള ഒരു കല്പനയാണ് ഈ വാക്കുകൾ ഉൾക്കൊള്ളുന്നത്. വെറും മനുഷ്യരായിരുന്ന ശിഷ്യന്മാരെ ഈശോയെ പ്രതിനിധീകരിക്കുന്ന പുരോഹിതശുശ്രൂഷകരായി രൂപാന്തരപ്പെടുത്തുന്ന വാക്കുകളാണ് ഇവ. അപ്പവും വീഞ്ഞും തന്റെ ശരീരരക്തങ്ങളാക്കി മാറ്റിയ തന്റെ പുരോഹിതശുശ്രൂഷ തുടർന്ന്






ശിഷ്യന്മാർ നിർവഹിക്കുന്നു. തന്റെ പുരോഹിതാഭിഷേകം നല്കി ഈശോ തന്റെ ശിഷ്യന്മാരെ അനുഗ്രഹിക്കുന്നു. നിത്യപുരോഹിതനായ ഈശോയുടെ പുരോഹിതവ്യക്തിത്വത്തിലേക്ക് അവരും രൂപാന്തരപ്പെടണം.

## പുരോഹിതജീവിതപരിവർത്തനം

തന്റെ ശരീരരക്തങ്ങൾ നല്കിക്കൊണ്ട് ഈശോ സ്ഥാപിച്ച പരിശുദ്ധ കുർബാന അവിടുത്തെ ജീവിതമാകുന്ന ബലിയർപ്പണമായിരുന്നു. ദൈവഹിതം നിറവേറ്റിക്കൊണ്ട് ഈശോ പൂർത്തിയാക്കിയ ഈലോകജീവിതം (ഹെബ്രാ 10,5-10). പിതാവായ ദൈവത്തിന്റെ ഹിതപ്രകാരം മനുഷ്യകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി അവിടുന്നു കാൽവരിയിൽ അർപ്പിച്ച ജീവിതബലിയുടെ ഓർമ്മയാചരിക്കുവാനാണ് ഈശോ സെനക്കിളിൽ നിർദ്ദേശിച്ചത്. അതിന്റെ പ്രവാചകപരമായ ഒരു പ്രഖ്യാപനമായിരുന്നു ഈശോ സെനക്കിളിൽ നിർവഹിച്ച പാദം കഴുകൽ ശുശ്രൂഷ. അന്ത്യത്താഴത്തിന്റെ തുടക്കത്തിൽ ഈശോയെപ്പറ്റി യോഹന്നാൻ പറയുന്ന വാക്കുകൾ ഇതു സൂചിപ്പിക്കുന്നുണ്ട്: "ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്ക് പോകാനുള്ള സമയമായി എന്ന് പെസഹാത്തിരുനാളിനുമുമ്പ് ഈശോ അറിഞ്ഞു. ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു. അവസാനംവരെ സ്നേഹിച്ചു" (യോഹ 13,1). ഇപ്രകാരം സ്നേഹിച്ച തന്റെ മാതൃക അവർ അനുകരിക്കണമെന്ന നിർദ്ദേശവും അവിടുന്ന് ശിഷ്യന്മാർക്കു നല്കുന്നുണ്ട് (13,12-15). അതുകൊണ്ട് ഈശോയുടെ പുരോഹിതശുശ്രൂഷ നിർവഹിക്കുവാനുള്ള ആഹ്വാനം അവിടുത്തെ പുരോഹിതജീവിതം നയിക്കുവാനുള്ള ആഹ്വാനമാണ്. അവരുടെ ജീവിതം ഈശോയുടെ ജീവിതത്തിനനുസൃതമായി പരിവർത്തനത്തിനു വിധേയമാകണം. ദൈവഹിതപ്രകാരം മറ്റുള്ളവർക്കുവേണ്ടി സമർപ്പിതമായ സ്നേഹത്തിന്റെ ബലിജീവിതം നയിക്കുവാൻ പുരോഹിതർക്കു കഴിയണം

## രാജകീയപൗരോഹിത്യപരിവർത്തനം

പരിശുദ്ധ കുർബാനയർപ്പിക്കുന്ന പുരോഹിതർ മാത്രമല്ല, വിശ്വാസികളുടെ സമൂഹം മുഴുവൻ ഇപ്രകാരമുള്ള ഒരു ജീവിതപരിവർത്തനത്തിനു വിധേയമാകേണ്ടതാണ്. കാരണം, ദൈവജനമെന്ന നിലയിൽ അവർ മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കുചേരുന്ന ഒരു പുരോഹിതജനമാണ്: "നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധ ജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ്" (1 പത്രോ 2,9). പരിശുദ്ധ കുർബാനയർപ്പണം അവരുടെ ശരീരങ്ങളുടെ സമർപ്പണമാകണം. വി. പൗലോസ്ശ്ലീഹായുടെ വാക്കുകൾ ഇവിടെ പ്രത്യേകം അനുസ്മരിക്കണം: "നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കുവിൻ. ഇതായിരിക്കണം നിങ്ങളുടെ യഥാർത്ഥമായ ആരാധന. നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്. പ്രത്യുത, നിങ്ങളുടെ മനസ്സിന്റെ നവീകരണം വഴി രൂപാന്തരപ്പെടുവിൻ" (റോമാ 12,1-2). ജീവിതനവീകരണത്തിലൂടെ ഒരുക്കപ്പെട്ട തങ്ങളുടെ ശരീരങ്ങൾ മിശിഹായുടെ ശരീരരക്തങ്ങളോടു ചേർത്തുവച്ചുകൊണ്ട് പരിശുദ്ധ കുർബാനയർപ്പിക്കുവാൻ വിശ്വാസികളുടെ സമൂഹം മുഴുവൻ വിളിക്കപ്പെട്ടിരിക്കുന്നു.



# ആദിമസഭയുടെ ചൈതന്യത്തിൽ

സ്റ്റെഫി മംഗലത്തുകുന്നേൽ

ഉത്ഥിതനായ ഈശോയ്ക്കു സാക്ഷ്യം വഹിക്കുവാൻ സധൈര്യം ഇറങ്ങിത്തിരിച്ച ശ്ലീഹന്മാരെ അനുസ്മരിക്കുന്ന ആരാധനക്രമവത്സരകാലമാണ് ശ്ലീഹാക്കാലം. ശ്ലീഹന്മാരിലൂടെ കൈമാറപ്പെട്ടു കിട്ടിയ വിശ്വാസം ജീവിക്കുന്ന ക്രിസ്ത്യാനികൾ എന്ന് അഭിമാനിക്കുന്നവരാണ് നാം. ശ്ലീഹന്മാർ ധീരതയോടെ പകർന്നുതന്ന വിശ്വാസം കുറവുകൂടാതെ ജീവിക്കുന്നതിൽ നാം എത്രമാത്രം ഉത്സുകരാണ്? നടപടിപുസ്തകം 2,42 ൽ ആദിമസഭയുടെ ജീവിതം വരച്ചുകാണിച്ചിരിക്കുന്നു: “അവർ ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവം പങ്കുചേർന്നിരുന്നു”.

തിരുസഭാമാതാവ് കാലാകാലങ്ങളിൽ നമുക്കു നല്കുന്ന പ്രബോധനങ്ങളോട്, നിയമങ്ങളോട് നമുക്കെത്രമാത്രം അനുസരണയുണ്ട്? സ്വന്തം നേട്ടത്തിനുവേണ്ടി സഭയോടു ചേർന്നുനില്ക്കുന്നവരും പ്രബോധനങ്ങളോടു വിശ്വസ്തത കാണിക്കുന്നവരും ഇക്കാലത്തു വിരളമല്ല. അതുകൊണ്ടുതന്നെ കൂട്ടായ്മയുടെ ചൈതന്യം നമ്മിൽനിന്നും ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ആദിമസഭയെ നോക്കി മറ്റുള്ളവർ അസൂയയോടെ പറഞ്ഞിരുന്നു, ‘നോക്കൂ, അവർ എത്രമാത്രം പരസ്പരം സ്നേഹിക്കുന്നു’ എന്ന്. ഇന്ന് നമ്മെ നോക്കി മറ്റുള്ളവർ എന്തുപറയുമെന്നത് നമ്മുടെ ആത്മശോധനയുടെ വിഷയമാകട്ടെ. തങ്ങൾക്കുള്ളതെല്ലാം വിറ്റ് പൊതുവായി കരുതിയിരുന്ന ആദിമസഭയുടെ ചൈതന്യത്തിൽ, നമ്മുടെ അടുത്തെത്തുന്ന ആവശ്യക്കാരന്റെ നേർക്ക് കണ്ണടയ്ക്കാതിരിക്കുവാൻ നമുക്കായിരുന്നുവെങ്കിൽ...

ഇതു ഭൗതികമായ ആവശ്യത്തിലേക്കു മാത്രം വിരൽചൂണ്ടുന്ന ഒന്നല്ല. എനിക്കിഷ്ടപ്പെട്ടവരെമാത്രം സ്നേഹിച്ചും എന്റെ മനസ്സിനു വിധേയരാകാത്തവരെ സ്നേഹിക്കാതെയും, ഞാൻ നന്മയാണ് ചെയ്യുന്നതെന്ന ധാരണയാൽ മറ്റുള്ളവരെയെല്ലാം വിമർശിച്ചും ജീവിക്കുമ്പോൾ ചിന്തിക്കാം... നാം വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരാണ്; വിശുദ്ധിയിൽ ജീവിക്കേണ്ടവരാണ്. പരിശുദ്ധനായ ദൈവത്തിന്റെ മക്കളെന്ന നിലയിൽ എത്രയോ അധികമായി വിശുദ്ധി ജീവിക്കാൻ നാം കടപ്പെട്ടിരിക്കുന്നു! അതിനായി നമ്മുടെ പ്രാർത്ഥനകളെ ദൈവസന്നിധിയിലേക്കുയർത്താം. ആദിമസഭയെപ്പോലെ സഭയുടെ പ്രാർത്ഥനയിലും പരിശുദ്ധ കുർബാനയർപ്പണത്തിലും നമുക്കു വിശ്വസ്തരായിരിക്കാം. അനുദിന കുടുംബപ്രാർത്ഥനയിൽ ടെലിവിഷനും ഫോൺകോളുകളും നമുക്കു തടസ്സമാകാതിരിക്കട്ടെ. മറ്റുള്ളവരുടെ നേർക്ക് വിമർശനത്തിന്റെ കൂരമ്പുകൾ എയ്യുന്നതിനുമുമ്പ് ഒരു നിമിഷം-എന്റെ കണ്ണിൽ തടിക്കഷണമെന്തെങ്കിലും... ഞാൻ പരിപൂർണനെങ്കിൽ അന്യരുടെ കുറവുകൾ ക്ഷമയോടെ ഞാൻ സഹിക്കും; കൂട്ടായ്മയുടെ പന്തലൊരുക്കാൻ മുന്നിട്ടിറങ്ങും. കുറവുകളെ നിറവുകളാക്കുന്നവന്റെ മുന്നിൽ നമുക്കൊരുമിച്ചു കരമുയർത്താം.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./ അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192




നിങ്ങളുടെ ദൈവശാസ്ത്രപരവും ബൈബിൾപരവുമായ സംശയങ്ങൾക്ക് പ്രശസ്ത ദൈവശാസ്ത്രജ്ഞനും ബൈബിൾ പണ്ഡിതനുമായ ബഹു. മല്പാൻ മാത്യു വെള്ളാനിക്കൽ അച്ചൻ ഉത്തരം നല്കുന്നു.

ചോദ്യങ്ങൾ അയയ്ക്കേണ്ട വിലാസം: **എഡിറ്റർ, പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം-686 018**

# കേന്ദ്രസ്ഥാനീയൻ മൂലയിലോ?

*ഈശോയായിരിക്കണം ജീവിതത്തിന്റെ കേന്ദ്രം എന്നു പറയുകയും ചില ദൈവാലയങ്ങളിലൊക്കെ ഈശോ വസിക്കുന്ന സക്രാരി അൾത്താരയുടെ നടുക്കു വയ്ക്കാതെ ഒരു വശത്ത് പ്രതിഷ്ഠിക്കുകയും ചെയ്യുന്നതെന്തുകൊണ്ടാണ്?* **എം. കുറിയാക്കോസ്, ചങ്ങനാശ്ശേരി**

തീർച്ചയായും ഈശോതന്നെയായിരിക്കണം നമ്മുടെ ജീവിതത്തിന്റെ കേന്ദ്രം. നമ്മുടെ ജീവിതത്തിന്റെ കേന്ദ്രവും കർത്താവും രക്ഷകനുമായ ഈശോയെ നാം കണ്ടെത്തേണ്ടത് സക്രാരിയിൽ മാത്രമാണോ എന്ന ചിന്ത അനിവാര്യമാണെന്നു തോന്നുന്നു. ദൈവത്തിന്റെ ലക്ഷണങ്ങളിൽ ഒന്ന് 'സർവവ്യാപിയായിരിക്കുന്നു' എന്നതാണെന്ന് സഭ പഠിപ്പിക്കുകയും നാം വിശ്വസിക്കുകയും ചെയ്യുന്നുണ്ടല്ലോ. ദൈവത്തിന്റെ സാന്നിദ്ധ്യം എല്ലായിടത്തുമുണ്ട്. ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യനിലും ഈ പ്രപഞ്ചത്തിലുമുള്ള ദൈവസാന്നിദ്ധ്യം ദർശിക്കുവാൻ നമുക്കു സാധിക്കണം.

തിരുവോസ്തിയിലുള്ള ഈശോയുടെ സാന്നിദ്ധ്യം കൗദാശികമാണെന്നുള്ളത് അതിന്റെ പ്രാധാന്യമുയർത്തുന്നുണ്ട്. ദിവ്യകാരുണ്യത്തിന് ആരാധനാസ്തുതിബഹുമാനാദരങ്ങൾ അർപ്പിക്കേണ്ടതുമുണ്ട്. എന്നാൽ ഓസ്തിയെ തിരുവോസ്തിയാക്കുന്ന ബലിയർപ്പണത്തിന് അതർഹിക്കുന്ന സ്ഥാനം കൊടുക്കേണ്ടതില്ലേ. പരിശുദ്ധ കുർബാനയർപ്പണമാണ് ഏറ്റം വലിയ ആരാധന. അതാണ് പീഡാസഹനവും കുരിശുമരണവും ഉത്ഥാനവുമൊക്കെയുൾപ്പെടുന്ന ഈശോയുടെ ജീവിതബലിയർപ്പണവേദി. കാൽവരിയിലെ ഈശോയുടെ ജീവാർപ്പണം പരിശുദ്ധ കുർബാനയിൽ കൗദാശികമായി പുനരർപ്പിക്കപ്പെടുകയാണ്. ആ മഹനീയ കർമ്മം നടക്കുന്ന ബലിയർപ്പണത്തിനു പ്രാധാന്യം കൊടുക്കാതെ അതിനുശേഷം ദിവ്യകാരുണ്യത്തിൽമാത്രം ദൈവസാന്നിദ്ധ്യം കണ്ടെത്തിയാരാധിക്കുന്നത് തിരുത്തപ്പെടേണ്ട ഒരു പ്രവണതയാണ്. ബലിയർപ്പണമില്ലെങ്കിൽ ഓസ്തി തിരുവോസ്തിയായി മാറില്ല.

പൗരസ്ത്യസുറിയാനി സഭകളിൽ തിരുവോസ്തി സംപൂജ്യമായി സൂക്ഷിക്കപ്പെട്ടിരുന്നത് ആരാധിക്കാൻ വേണ്ടിയായിരുന്നില്ല. പരിശുദ്ധ കുർബാനയുടെ പ്രാധാന്യം മനസ്സിലാക്കിയിരുന്ന അവരുടെ ദൈവാരാധനാവേദിയും കുർബാനതന്നെയായിരുന്നു. ബലിയർപ്പണത്തിന് എത്തിച്ചേരാൻ സാധിക്കാത്ത രോഗികൾക്കു വേണ്ടിയായിരുന്നു അവർ ദിവ്യകാരുണ്യം സൂക്ഷിച്ചിരുന്നത്. ഇന്നു കാണപ്പെടുന്നതുപോലെ ദൈവാലയത്തിനുള്ളിലുമായിരുന്നില്ല. എങ്കിലും ദിവ്യകാരുണ്യാരാധനാഭക്തി സഭയിൽ ഇപ്പോൾ സ്വീകരിക്കപ്പെട്ടിരിക്കുന്ന ഒന്നായതുകൊണ്ട് ദൈവാലയത്തിൽ ദിവ്യകാരുണ്യത്തിന് അർഹമായ സ്ഥാനം നല്കുന്നു. അതേസമയം ബലിയർപ്പണം നടക്കുന്നു എന്നതു മാത്രമല്ല മദ്ബഹായുടെ പ്രാധാന്യമുയർത്തുന്നത്. മദ്ബഹാ സ്വർഗത്തിന്റെ പ്രതീകമാണ്. അവിടെ ത്രിത്വൈക ദൈവത്തിന്റെ സാന്നിദ്ധ്യവുമുണ്ട്.





Laudato Si - 7

# പരിസ്ഥിതി സംരക്ഷണവും പരിസ്ഥിതി വിദ്യാഭ്യാസവും

**ഫാ.സെബാസ്റ്റ്യൻ തുണ്ടത്തിക്കുന്നേൽ വി.സി.**
**വിൻസെൻഷ്യൻ പ്രൊവിൻഷ്യൽ ഹൗസ്, കോട്ടയം**

പരിസ്ഥിതി അവബോധമുള്ള പൗരന്മാരെ രൂപപ്പെടുത്തുക എന്നതാണ് പരിസ്ഥിതി വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. അതിന് വിവരങ്ങൾ കൈമാറിയാൽ മാത്രം പോരാ നല്ല ശീലങ്ങൾ ജനിപ്പിക്കുകയും പെരുമാറ്റ ദൂഷ്യങ്ങൾക്ക് കടിഞ്ഞാണിടുകയും വേണം. സദ്ഗുണങ്ങളുടെ പോഷണത്തിലൂടെ മാത്രമേ മനുഷ്യർ പരിസ്ഥിതിയോടുള്ള നിസ്വാർത്ഥ പ്രതിബദ്ധത ഏറ്റെടുക്കുകയുള്ളൂ. അതിനാൽ പരിസ്ഥിതി  ധാർമ്മികതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് ജനങ്ങളെ ഐക്യത്തിലും ഉത്തരവാദിത്വബോധത്തിലും സഹാനുഭൂതിയിലും വളർത്തുക എന്നതാണ് പരിസ്ഥിതി വിദ്യാഭ്യാസംകൊണ്ട് ലക്ഷ്യംവയ്ക്കുന്നത്.

പരിസ്ഥിതി വിദ്യാഭ്യാസമുള്ള ഒരു വ്യക്തി അനുദിനജീവിതത്തിലെ ചെറിയ പ്രവൃത്തികളിലൂടെപോലും സൃഷ്ടിക്കു മുഴുവൻ കരുതൽ നൽകുന്ന ആളായിരിക്കും. ഉദാഹരണത്തിന്, പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഒഴിവാക്കുക, പേപ്പറിന്റെയും ജലത്തിന്റെയും ഉപയോഗം കുറയ്ക്കുക, ചപ്പുചവറുകൾ തരംതിരിച്ച് സംസ്കരിക്കുക, ഭക്ഷിച്ചു തീർക്കാനാവുന്നതു മാത്രം പാകം ചെയ്യുക, മറ്റു ജീവജാലങ്ങളോട് പരിഗണന കാണിക്കുക, പൊതുഗതാഗത സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുക, പലർ ചേർന്ന് ഒരു കാർ ഉപയോഗിക്കുക (car pooling), മരങ്ങൾ നട്ടുപിടിപ്പിക്കുക, വൈദ്യുതിയുടെ അനാവശ്യ ഉപയോഗം ഒഴിവാക്കുക, സാധിക്കുന്നവ വീണ്ടും ഉപയോഗിക്കുക എന്നീ ഉത്തരവാദിത്വങ്ങളെ വളർത്തിയെടുക്കുവാൻ പരിസ്ഥിതി വിദ്യാഭ്യാസത്തിലൂടെ കഴിയും. പ്രകൃതിയെ സംരക്ഷിക്കുവാൻ ഉതകുന്ന തരത്തിലുള്ള ബോധ്യങ്ങളും മനോഭാവങ്ങളും ഉള്ളവർക്കു മാത്രമേ ഇപ്രകാരം ജീവിക്കാനാവൂ.

പാരിസ്ഥിതിക വിദ്യാഭ്യാസം നൽകുവാൻ കുടുംബങ്ങൾ, സ്കൂളുകൾ, മാധ്യമങ്ങൾ, മതബോധനങ്ങൾ, രാഷ്ട്രീയ സ്ഥാപനങ്ങൾ, സാമൂഹിക സംഘടനകൾ, ക്രിസ്തീയ സമൂഹങ്ങൾ, രൂപീകരണ ഭവനങ്ങൾ, സെമിനാരികൾ എന്നിവിടങ്ങളെല്ലാം കടപ്പെട്ടിരിക്കുന്നു. ഇവിടെയെല്ലാം "ഉത്തരവാദിത്വപൂർണ്ണമായ ലാളിത്യവും ദൈവത്തിന്റെ ലോകത്തോടുള്ള കൃതജ്ഞതാനിർഭരമായ ധ്യാനവും പാവപ്പെട്ടവന്റെ ആവശ്യങ്ങളോടുള്ള പരിഗണനയും പരിസ്ഥിതിസംരക്ഷണവും വളർത്തുവാനുതകുന്ന പരിശീലനം നൽകണം" (L.S. 214). വിഫലമാക്കപ്പെടുന്ന പ്രയത്നങ്ങളെപ്പറ്റി ചിന്തിച്ച് അവയിൽനിന്ന് പിന്മാറാതെ അവ ജനിപ്പിക്കുന്ന നന്മ മനസ്സിലാക്കി പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയാണ് വേണ്ടത്. വ്യക്തിപരമായ ഗുണങ്ങളിൽ നാം സമ്പന്നരാകുകയും വേണം.

പരിസ്ഥിതി വിദ്യാഭ്യാസത്തിൽ കുടുംബത്തിനുള്ള സ്ഥാനം ഫ്രാൻസീസ് മാർപാപ്പാ പ്രത്യേകം എടുത്തുപറയുന്നുണ്ട്. കാരണം "മരണസംസ്കാരത്തിന്റെ ഈ കാലഘട്ടത്തിൽ കുടുംബമാണ് ജീവസംസ്കാരത്തിന്റെ ഹൃദയം" (L.S. 213). അതുപോലെതന്നെ, കുടുംബത്തിൽവച്ചാണ് നമ്മൾ ജീവനെ സ്നേഹിക്കുവാനും, ബഹുമാനിക്കുവാനും വസ്തുക്കൾ കൃത്യമായി ഉപയോഗിക്കുവാനും ശുചിത്വവും ചിട്ടയും ശീലിക്കുവാനും സൃഷ്ടവസ്തുക്കളെ പാലിക്കുവാനും പഠിക്കുന്നത്. ആവശ്യങ്ങൾ അവകാശമായിട്ടല്ലാതെ എളിമയോടെ ചോദിക്കുവാനും നല്കപ്പെടുന്നവയ്ക്ക് നന്ദി പറയുവാനും നമ്മുടെ ദുരാഗ്രഹത്തെ നിയന്ത്രിക്കുവാനും തെറ്റുകൾക്കു ക്ഷമ ചോദിക്കുവാനും പക്വമായ വ്യക്തിത്വത്തിൽ വളരുവാനും സഹായിക്കുന്ന സമഗ്രപരിശീലനം കുടുംബത്തിൽ സംലഭ്യമാകുന്നു. ഇങ്ങനെ നല്ല പരിശീലനം ലഭിച്ചവർ പങ്കുവയ്ക്കലിന്റെ സംസ്കാരവും ചുറ്റുപാടുകളോടുള്ള ബഹുമാനവും സ്വജീവിതത്തിൽ പ്രാവർത്തികമാക്കുന്നവരായിരിക്കും.

പരിസ്ഥിതി വിദ്യാഭ്യാസവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നതാണ് സൗന്ദര്യശാസ്ത്ര വിദ്യാഭ്യാസം. സൗന്ദര്യം കണ്ടാസ്വദിക്കുവാനും അതിനെ അഭിനന്ദിക്കുവാനും പഠിച്ചില്ലെങ്കിൽ സ്വാർത്ഥത നിറഞ്ഞ മനുഷ്യൻ അതിനെ സ്വന്തമാക്കുവാനായി തെറ്റുകൾ ചെയ്യും. "മനോഹരമായവയെ അംഗീകരിക്കുവാൻ പഠിച്ചിട്ടില്ലാത്ത ഒരാൾ മറ്റെല്ലാറ്റിനേയും, മനസ്സാക്ഷിക്കുത്തില്ലാതെ ഉപയോഗിക്കുവാനോ ദുരുപയോഗിക്കുവാനോ ഉള്ള ഒരു വസ്തുമായി മാത്രം കാണുന്നു" (L.S. 2154). ചില മാനസികാവസ്ഥകൾ നമ്മുടെ സ്വഭാവത്തെ സ്വാധീനിക്കും എന്ന തിരിച്ചറിവും നമ്മിൽ മാറ്റം വരുത്തുവാൻ ആവശ്യമാ ണ്.

അതിനാൽ പാരിസ്ഥിതിക വിദ്യാഭ്യാസത്തിലൂടെ മനുഷ്യനും ജീവനും സമൂഹവും പ്രകൃതിയുമായി നിലനിൽക്കുന്ന ബന്ധത്തെപ്പറ്റി ഒരു പുതിയ ചിന്താധാരയെ പ്രോത്സാഹിപ്പിക്കണം. അങ്ങനെ ഉപഭോഗസംസ്കാരത്തിന്റെ സ്വാധീനം കുറയ്ക്കുവാനും, പുതിയ തലമുറയ്ക്ക് പ്രകൃതിയെക്കുറിച്ചുള്ള സൂക്ഷ്മബോധവും പ്രകൃതി സംരക്ഷണത്തിനുള്ള ചൈതന്യവും പ്രദാനം ചെയ്യാനും കഴിയും.







കവിത

**അനിത ആത്രശേരിയിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റസ്**

പൂവിന്റെ ചുണ്ടുകൾ മന്ദസ്മിതം തൂകി
പൂങ്കാറ്റുവീശവേ ചാഞ്ചാടിയോതുന്നു
കാലങ്ങളെത്രയോ കാത്തിരുന്നീ ദിനം
കൺകുളിർക്കെ ധര കാണട്ടേ ഞാനിന്ന്.

കണ്ണുകൾ ചിമ്മിത്തുറന്നു വീക്ഷിക്കവേ
കണ്ടിടുന്നത്ഭുതം ഭൂതലം സുന്ദരം
കൗതുകമൂറുന്ന കാഴ്ചകൾ കണ്ടവ
വർണ്ണമനോഹരം വർണ്ണനാതീതമേ-

ഇലകളും പൂക്കളും വിടരാൻ വിതുമ്പുന്ന
ഈ വിശ്വസൗന്ദര്യം ആരുടേത്?
ഈ ഭൂവിലെന്നെ ജനിപ്പിച്ച നാഴിക
ഈശ്വര നിശ്ചയം നന്ദിയേകിടുന്നു.

പരിശുദ്ധിയേകുന്ന പരിമളമെന്നുമേ
പകരട്ടെ ജന്മം സഫലമായ്ത്തീരട്ടെ
ഈ ജന്മം ധന്യമായ് തീർത്തീടുവാനെന്നെ
ഇറുത്തെടുത്തീശ്വര തൃപ്പാദെ വയ്ക്കണെ.

ഇതളുകളോരോന്നും പൊഴിയട്ടെ-വീഴട്ടെ
ഈശ്വരദർശനം നേടി ഞാൻ മായട്ടെ
ഇല്ലായ്മയിൽ നിന്നുമെന്നെ കനിവോടെ
സൃഷ്ടിച്ച നാഥനായ് ഇല്ലായ്മ പുൽകട്ടെ.



പ്രിയപ്പെട്ട കൂട്ടുകാരേ, നാമിനി ശ്ലീഹാക്കാലത്തിലേക്ക് പ്രവേശിക്കുകയാണല്ലോ. ഇനി ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവു വന്നതും, ശ്ലീഹന്മാരിലൂടെ സഭ വളരുന്നതും നാം ധ്യാനവിഷയമാക്കുകയാണ്. താഴെ കുറെ ചോദ്യങ്ങൾ തന്നിട്ടുണ്ട്. അവയുടെ ഉത്തരം ശേഖരിക്കാനായി രണ്ട് പ്രാവിൻകുഞ്ഞുങ്ങൾ പേപ്പറുമായി എത്തിയിട്ടുണ്ട്. അവരുടെ കൈയിൽ നിങ്ങളുടെ ഉത്തരങ്ങൾ കൊടുക്കുക

1. സാവൂളിൽ ആത്മാവ് ശക്തമായി പ്രവർത്തിച്ചപ്പോൾ അവൻ എന്തു ചെയ്തു (1സാമുവൽ)
2. 'എല്ലാവരുടെയുംമേൽ എന്റെ ആത്മാവിനെ വർഷിക്കും' എന്ന് പ്രവചിച്ചതാര്?
3. സാംസണിൽ കർത്താവിന്റെ ആത്മാവ് പ്രവർത്തിച്ചുതുടങ്ങിയത് എവിടെവച്ചാണ്?
4. പന്തക്കുസ്താദിനത്തിൽ സമ്മേളിച്ചിരുന്നവരുടെമേൽ പരിശുദ്ധാത്മാവു വന്നു എന്നു സൂചിപ്പിക്കുവാൻ ഉപയോഗിച്ചിരിക്കുന്ന പ്രതീകങ്ങൾ ഏവ?
5. പരിശുദ്ധാത്മാവിനെ സ്വീകരിച്ചവർ ആദ്യം ചെയ്തതെന്ത്?
6. ജോയേൽ (2:28–32) പ്രവാചകനിലൂടെ അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറ്റപ്പെട്ടതായി കാണുന്നത് ഏതു പുസ്തകത്തിൽ, എത്രാമത്തെ അദ്ധ്യായത്തിലാണ്?





1.

2.

3.

4.

5.

6.

തയ്യാറാക്കിയത്: **ജിനു നിരപ്പേൽ**

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ലഭിക്കുന്ന ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി – മെയ് 30).
**അയയ്ക്കേണ്ട വിലാസം:** പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018









# കുഞ്ഞാറ്റയുടെ കുമ്പസാരം

“മൂന്നാമത്തെ കല്പന കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം എന്നതാ” ചോദ്യത്തിനായി കുഞ്ഞാറ്റ കാത്തുനിൽക്കാതെ പറഞ്ഞു.

“ദൈവം എല്ലാം സൃഷ്ടിച്ചിട്ട് ഏഴാം ദിവസം വിശ്രമിച്ചുവെന്ന് ബൈബിളിൽ മോളു വായിച്ചിട്ടില്ലെ. അതുപോലെ തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ എല്ലാവിധ ജോലികളും തിരക്കുമൊക്കെയായി നടക്കുന്ന നമ്മളോട് ഞായറാഴ്ച പള്ളിയിൽ പോകണം, വേദപാഠം പഠിക്കണം എന്നൊക്കെ പറയുന്നത് ഈ കല്പനയുടെ ഭാഗമാ. അന്നു പുറത്തുള്ള ജോലികളൊന്നും ചെയ്യാതെ കൂടുതൽ പ്രാർത്ഥിക്കാനും ദൈവത്തെ സ്നേഹിക്കാനുമായി മാറ്റിവയ്ക്കണം എന്നു പറയുകയാ. അതുകൊണ്ടാ കുഞ്ഞാറ്റേ, കുഞ്ഞുവാവയുടെ മാമ്മോദീസായ്ക്ക് പോകണമെന്നും പറഞ്ഞു മോളു കരഞ്ഞപ്പോൾ ഡാഡി മോളെ കൊണ്ടുപോകാതിരുന്നത്. സൺഡേസ്കൂൾ ഒഴിവാക്കി മറ്റ് ആഘോഷങ്ങൾ ഒന്നും വേണ്ട എന്നു പറഞ്ഞത് മോൾ ഓർമ്മിക്കുന്നുണ്ടോ? സാരമില്ല കേട്ടോ. ദൈവത്തിന്റെ ഇഷ്ടം അനുസരിച്ച് മോൾ വളരണം എന്നാ ഡാഡിയും മമ്മിയുമൊക്കെ ആഗ്രഹിക്കുന്നത്.”



**ഷീജാ കാലായിൽ**



# CHRISTIAN WITNESSING: A LOVE AFFAIR WITH TRUTH

**Br. Naveen Plackalil**
St. Thomas Minior Seminary, Kurichy

The present day report on persecution of Christians in different parts of the world is a wakeup call for all Christians. Islamic State (IS) terrorists continue their cruelty. Many Christians were killed in the name of Jihad or Holy War. Even as they encounter brutal death at the hands of the cold-blooded terrorists, they do not give away their faith. The last word that came from their mouths is "Jesus Christ".

This heroic accounts of witness to Christian faith is a strong testimony to the fact that true Christian witnesses have not faded into history. Everyone baptized in Christian faith is entrusted with the duty to witness Christ. Struggling in the clutches of modernity, Christian faith and gospel witnessing has lost its pristine form as the materialistic culture soares up. The liturgical season of "Sleeha" (Apostles) is call to examine how much were we successful as witness to Christ.

**Witnessing is not that easy**

"Since we are surrounded by so great cloud of witnesses, let us lay aside every weight and sin… and let us run with perseverance the race that is set before us" (Hebrews 12:1). A journey through the courses of time, through the last 20 centuries would surprise us with a long list of martyrs and confessors who make up the "great cloud of witnesses" and the latest of them are the murdered sisters of Mother Theresa and the abducted Fr. Tom Uzhunnalil. One among them, St. Joan of Arch was once brought to the court of King Charles who despised her. He asked her, "Joan, you say that God tells many things to you. But why does he tell to you alone? Why not to me and others? Joan replied, "God speaks to you too, But you do not listen as you are not interested".

The Spirit of the Lord always speaks in our inner conscience and inspires us to be witnesses to Christ, but we do not listen, simply because we are not interested. Those who heeded the voice of the Spirit became, the "great cloud of witnesses''. Being a witness is not an easy matter. It is a choice to be hated by the world and to be rebuked by men. It is not easy doesn't mean it is impossible. It is the Holy Spirit- the Pareclite or Helper- who helps us in witnessing Christ.

**Can I be a Christian Witness?**

This is a frequently discussed question among youngsters. The answer in simple terms is one who abides in the Holy Spirit and obeys the voice of the divine helper is the true Christian witness. In other words the truth seeker is the witness, as Jesus said, "I am the truth" (Jn 14:6). An honest life guided in the light of truth is the hallmark of a Christian witness. A student who refuses to 'copy' in an examination is a truth seeker. Marital fidelity is another witnessing to truth. In the larger screen, from these simple truthful deeds to the sacrifice of Christians for defending their true faith is all witnessing the truth.

"When he comes who is the spirit of Truth, he will guide you into all the truth" (Jn 16:13). Holy Spirit is our guide in seeking the truth. In Christian Theological lines truth witnessing is the true spirit of worship, as we read in the Gospel of St. John, "Those who worship him must worship in spirit and truth". Such a witness to Christ is a love affair with truth. Then life becomes a celebration of truth. It is this understanding that prompted Gandhiji to name his life story - "My Experiments with Truth''.

Being a witness, in the case of martyrs meant shedding their blood. For a Christian, witnessing Jesus, the eternal truth, implies self-denial and renunciation of many comforts, which is close to martyrdom. Pope Francis exhorts the youth to be revolutionaries and swim against the tides. The tide and current of modern world is towards falsehood. To swim against the tide is difficult, but if we dare to swim, we will reach the shore of truth, which is the fulfillment of one baptismal call to bear witness to Jesus. In this quest for truth and Christian witnessing let the Vedic mantra of the Sages resound in our ears. "Asthoma Satgamaya '' (Lead me from falsehood to Truth).



# നീതിബോധത്തിന്റെ മനോഭാവം

**ഡീക്കൻ ആൽബിൻ പാറയിൽ O.Carm**
സെന്റ് തോമസ് അപ്പ. സെമിനാരി, വടവാതൂർ

സ്വന്തമെന്നപോലെ കരുതി കൂടെ കൊണ്ടു നടന്നവരിൽ പൊടുന്നനേ മാറ്റങ്ങൾ സംഭവിക്കുക... ദൈവത്തിന്റെ പ്രവർത്തനരീതികൾ എന്റെ കണക്കുകൂട്ടലുകളെ അതിലംഘിക്കുക....ഞാൻ പോലുമറിയാതെ എന്റെ പ്രിയപ്പെട്ടവരിൽ സംഭവിക്കുന്ന മാറ്റങ്ങൾ... ഇത്തരം പ്രതിസന്ധികളിൽ സ്നേഹബന്ധങ്ങൾക്ക് പോറലേൽക്കാതെ കൊണ്ടുപോകുക പ്രയാസമാണ്... ഞാൻ കാര്യമായി സ്നേഹിച്ചിരുന്നവരിൽ ഞാൻ പ്രതീക്ഷിക്കാത്തതു സംഭവിക്കുമ്പോൾ അവരെ കയ്ച്ചിട്ടിറക്കാനും മധുരിച്ചിട്ട് തുപ്പാനും വയ്യാത്ത അവസ്ഥയാണ്... മറിയത്തിന് മാനഹാനി വരുത്താൻ ഇഷ്ടമില്ലാതിരുന്ന നീതിമാനായ യൗസേപ്പ് ഗർഭിണിയായ അവളെ രഹസ്യത്തിൽ ഉപേക്ഷിക്കാൻ തീരുമാനിച്ചതുപോലെ, ഇലയ്ക്കും മുള്ളിനും കേടുവരാത്ത ചില തീരുമാനങ്ങൾ എടുക്കാൻ അപ്പോൾ എന്റെ നീതിബോധം എന്നെ നിർബന്ധിക്കും. എന്നാലും യൗസേപ്പിനെപ്പോലെ എന്റെ നീതിയല്ല ദൈവത്തിന്റെ നീതിയത്രേ ഞാൻ അനുഗമിക്കേണ്ടത്. എന്തുചെയ്യണമെന്നറിയാതെ ആകപ്പാടെ ഉലഞ്ഞിരിക്കുമ്പോൾ കൂനിൻമേൽ കുരു എന്നപോലെ എനിക്ക് ദുർഗ്രഹമായ ദൈവികവഴികൾ അറിയിക്കുവാൻ ഒരു മാലാഖ മാനത്തുനിന്ന് പറന്നിറങ്ങും.

വ്യഥകൊണ്ടും, വേദനകൊണ്ടും മനസ്സാകെ ഛിന്നഭിന്നമായി വാടിത്തളർന്ന് ഉറങ്ങിയ യൗസേപ്പിന് "കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും" എന്ന ദുർഗ്രഹ സത്യത്തിന് സ്വപ്നത്തിൽ അല്ല, മറിച്ച് ജീവിതത്തിൽ സമ്മതം മൂളേണ്ടി വന്നതുപോലെ ഞാനും ചിലപ്പോൾ തല കുനിക്കണം. ദൈവത്തിന് എന്നോടുകൂടെ വാഴാൻ – എമ്മാനുവേലാകാൻ – ഇത്തരം ചില ദുർഗ്രഹ സത്യത്തിന് തലകുനിച്ചേ പറ്റൂ. ഞാൻ എന്റെ നിദ്രയിൽ നിന്നുണർന്ന്, നീതിയിൽ നിന്നുണർന്ന്, സ്വപ്നംപോലെ, ദൈവം എനിക്കായ് നിനച്ചിരിക്കാത്ത നേരത്തും രീതിയിലും തെളിച്ചുതന്ന ദുർഗ്രഹവീഥിയിലൂടെ അവിടുത്തെ അജ്ഞാതമായ പദ്ധതിയിലേക്ക് സധൈര്യം നടന്നുനീങ്ങിയേ പറ്റൂ. ഈ നടന്നുനീങ്ങലിൽ എനിക്ക് ഭയവും സംശയവും ഉണ്ടാക്കിയവരെ, ഞാൻ സ്നേഹിച്ചവരെ തഴഞ്ഞുകളയാതെ കൈപിടിച്ച് കൂടെ കൊണ്ടുപോകുകയും വേണം. തന്റെ ജീവിതത്തിൽ നീതിക്കുവേണ്ടി നിലകൊണ്ടതിന് യൗസേപ്പ് സഹിച്ച മനോദുഃഖങ്ങൾ നിരവധിയാണ്. ഒന്നിനുപിറകെ ഒന്നായി ദൈവികനീതിക്കുവേണ്ടി ഓടിനടന്നു തളർന്ന നീതിമാനാണ് അദ്ദേഹം. സുവിശേഷം അതിനാലദ്ദേഹത്തെ 'നീതിമാൻ' എന്നു വിളിച്ചു. പുത്രന്റെ ജനനത്തോടെ എല്ലാം പൂർത്തിയായി എന്നു കരുതുമ്പോഴാണ് രാജാക്കന്മാരുടെ വരവ്. കേട്ട കാര്യങ്ങൾ അത്ര ശുഭകരമായിരുന്നില്ല. എന്നിട്ടും നീതിമാൻ ആ രണ്ടു ജീവിതങ്ങളെയും ചേർത്ത് മുന്നോട്ട് നടന്നു.

**ഈജിപ്തിലേക്ക്**

അനർത്ഥങ്ങൾ ഒന്നിനുപിറകെ ഒന്ന് എന്നവണ്ണം ഓടിയോടി വരികയാണ്. മറിയത്തെക്കുറിച്ചുള്ള തന്റെ വിഷമത്തിന് പരിഹാരമായി എന്നു കരുതി സമാധാനിച്ചിരിക്കെ ഉടനെ കുട്ടിയെയും അമ്മയെയും കൊണ്ട് ഈജിപ്തിലേക്ക് ഓടിക്കൊള്ളണം എന്ന സന്ദേശവുമായി ഇതാ മാലാഖ മുന്നിൽ. ഒരു പ്രശ്നം തീരുംമുമ്പേ മറ്റൊന്ന് വന്നുകഴിഞ്ഞു. അതിനുള്ള പരിഹാരം തേടി ബേത്‌ലഹേമിൽനിന്ന് ഈജിപ്തിലേക്ക്. ഒരിക്കലും കണ്ടിട്ടും കേട്ടിട്ടും ഇല്ലാത്ത പുതിയ സാഹചര്യത്തിലേക്ക്... അവിടെ എല്ലാം സ്വപ്നംപോലെ. എല്ലാം പച്ചകെടാത്ത യാഥാർത്ഥ്യങ്ങൾ. ഈജിപ്തിലെ മണലാരണ്യത്തിൽ എത്രനാൾ മരുപ്പച്ച തേടുന്ന മാനിനു സമം ഓടിയും ഉറങ്ങിയും കഴിയേണ്ടിവരും എന്ന് നിശ്ചയമില്ല. യഹോവ കനിയുന്നതുവരെ എന്ന് സമാധാനിക്കാം. ഒരു കാര്യം തീർച്ച. ഈജിപ്തിൽനിന്ന് ദൈവം തന്റെ അരുമ സുതനെ വിളിച്ചുണർത്തിക്കൊണ്ടുവരും.

**റാഹേലിന്റെ കരച്ചിൽ**

സ്വന്തം വേദനകൾ പേറി മണലാരണ്യത്തിലൂടെ നടക്കുമ്പോൾ കറയില്ലാത്തവരുടെ കരച്ചിൽകൂടി കേൾക്കേണ്ടിവരുക. താനറിഞ്ഞ സത്യം അവരോടുകൂടി പറഞ്ഞിരുന്നെങ്കിൽ... നീതിമാന്റെ ഹൃദയം വിങ്ങി. സ്വന്തം കണ്ണീര് ആരും കാണാതെ, ആരെയും പഴിക്കാതെ കയ്ച്ചിറക്കി കുടിക്കാമെന്നു വയ്ക്കാം. അപ്പോൾ അടുത്തിരിക്കുന്ന നിരപരാധിയുടെ കവിളിലൊഴുകുന്ന കണ്ണീരൊപ്പാൻ കഴിയാതെ നിസ്സഹായനായി നിൽക്കേണ്ടിവരിക. റാമായിൽ കരയുന്ന റാഹേലിനെ ആശ്വസിപ്പിക്കാൻ ആർക്കും കഴിയില്ല. കാരണം അവളുടെ കുഞ്ഞ്, സമ്പത്ത്




നശിച്ചിരിക്കുന്നു. അവളുടെ കറയില്ലാത്ത മക്കളെ രാജാവ് കൊന്നുകളഞ്ഞു. തെറ്റില്ലാത്തവരുടെ കണ്ണീരിനു മുൻപിൽ ഒന്നും ചെയ്യാനാവാതെ നിൽക്കപ്പെട്ട മൂകസാക്ഷിയുടെ നീതിയുള്ള ഹൃദയത്തിന്റെ നിലവിളി ആരു കേൾക്കാൻ...

**നസ്രത്തിൽ**

എന്തു വന്നാലും അവസാനം സത്യം മാത്രം ജയിക്കുന്നു. ദൈവത്തെ വധിക്കാൻ തേടിനടന്നവർ മരിച്ചുകഴിഞ്ഞു, വീണ്ടും മാലാഖ. യൗസേപ്പിന് ഇപ്പോൾ അമ്മയെയും ദിവ്യശിശുവിനെയുംകൊണ്ട് ഈജിപ്തു വിടാം. എന്നാലും എല്ലാം തികഞ്ഞൊരു കാലം ആർക്കുമില്ല. ഹേറോദേസിന്റെ സിംഹാസനത്തിൽ മകൻ അർക്കലാവോസ്. ബേത്‌ലഹേമിൽ പാർക്കാൻ പറ്റുന്ന ദിനമെണ്ണി കാത്തിരുന്ന യൗസേപ്പിന് അവസാനം ഗലീലിയായിലെ നസ്രസ്സിൽ ചെന്നു പാർക്കേണ്ടിവന്നു. 'അവൻ നസ്രായൻ എന്നു വിളിക്കപ്പെടുവാൻവേണ്ടി യൗസേപ്പെന്ന മനുഷ്യൻ ചെയ്യേണ്ടിവന്ന ത്യാഗത്തിന്റെയും മൗനത്തിന്റെയും പൊരുത്തപ്പെടലിന്റെയും കഥ. ദൈവത്തിന്റെ നിഗൂഢവീഥി കാത്തിരിക്കുന്ന മനുഷ്യന്റെ ത്യാഗത്തിന്റെ കഥ.

**ഒടുവിൽ**

ഈശോയുടെ മാതാവിന്റെ മടിയിൽ സ്വസ്ഥതയോടെ നിത്യതയിലേക്ക് മിഴിപൂട്ടുന്ന നീതിമാൻ. നമ്മുടെ ജീവിതത്തിലും ദൈവം നമ്മോടുകൂടെ വസിക്കാൻ - എമ്മാനുവേലാകാൻ - നാം കടന്നുപോകേണ്ട വഴികൾ ചില്ലറയല്ല. എല്ലായിടത്തും ദൈവം നീതിയും അവിടുത്തെ പദ്ധതിയും തേടുമ്പോൾ നീതിബോധത്തിൽ മനോദുഃഖങ്ങൾക്കുശേഷം ഒടുവിൽ ശാന്തമായി ദൈവകരങ്ങളിൽ വിശ്രമിക്കാം. പക്ഷേ ഒന്നോർക്കുക. ഒന്നും എനിക്കുവേണ്ടിയാവരുത്, മറിച്ച് ദൈവം എന്നെ എല്പിച്ചിരിക്കുന്നവരെ, സ്നേഹിക്കാനും സംരക്ഷിക്കാനും ഏൽപ്പിച്ചിരിക്കുന്നവരെ, നെഞ്ചോട് ചേർത്ത് സംരക്ഷിക്കാനാവണം. ജീവനും ജീവിതവും കൊടുത്ത് സ്നേഹിക്കാനാവണം. അവിടെ ദൈവം നിന്റെകൂടെയെത്തും. നീതിമാൻ എന്നുവിളിച്ച് നിന്നെ ബഹുമാനിക്കും.




**നിന്നെയും വിളിക്കുന്നു.....**

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**




വിശുദ്ധരോടൊപ്പം



# കമ്പ്യൂട്ടർ കൗമാരക്കാരൻ കനകസിംഹാസനത്തിലേക്ക്....

## ദൈവദാസൻ കാർലോ അക്കുത്തിന്

**(മെയ് 3, 1991 - ഒക്ടോബർ 12, 2006)**

**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

ഐ ലവ് യു ടാ....

എനിക്ക് അസൂയ തോന്നുന്നു നിന്നോട്.... എന്റെ പ്രായത്തിൽ നീ ദൈവദാസപദവിയിലേക്ക് ... ജീവിതമാകുന്ന കളിക്കളത്തിൽ അടിച്ചുപൊളിച്ച്.... കളിച്ച് കളിച്ച് കമ്പ്യൂട്ടറിന്റെ ഉസ്താദായി.....

ന്യൂജനറേഷന്റെ ആവേശവും അഭിമാനവുമായി...... ഉലകത്തിന് വിശുദ്ധിയുടെ ഉത്തോലകമായി..... നവമാധ്യമങ്ങളുടെ നടുവിൽ നീ വിശുദ്ധിലൈക്ക് അടിച്ച് ഷെയർ ചെയ്തപ്പോൾ ഞങ്ങളൊക്കെ അൺലൈക്ക് ചെയ്തത് വിശുദ്ധിയായിരുന്നു.. അശുദ്ധി നൽകുന്ന വർണ്ണകാഴ്ചയുടെ

മാസ്മരികതയിൽ.... അപ്പനും അമ്മയും വീടും നാടും ഞങ്ങൾക്ക് അന്യമായി.... ഫെയ്സ് ബുക്കിൽ "ഫെയ്സ്" നഷ്ടപ്പെട്ടവരായി... അപ്പനും അമ്മയ്ക്കും അപമാനമായി..... പക്ഷേ.... ദൈവത്തിന്റെ ഫെയ്ത്ത് ബുക്കിൽ നീ "ഫെയ്സ് ഓഫ് ഹോളിനസ്" സ്വന്തമാക്കി... അപ്പനും അമ്മയ്ക്കും അഭിമാനമായി...!!!

നിന്റെ അമ്മ അന്റോണിയോ നിന്നെപ്പറ്റി പറഞ്ഞ വാക്കുകൾ ഞങ്ങളിൽ മനസ്സുതിരിവിന്റെ നിലാവെളിച്ചമാകുകയാണ്...!!!

"കുഞ്ഞുനാളിലേ, പ്രത്യേകിച്ച് ആദ്യ കുർബാന സ്വീകരിച്ച നാൾ മുതൽ എന്റെ കുഞ്ഞിന്റെ ശ്വാസമായിരുന്നു വി. കുർബാന അർപ്പണം. അവന്റെ ഹരമായിരുന്നു ജപമാല പ്രാർത്ഥന.



Carlo Acutis (1991-2006)

തന്റെ ബെസ്റ്റ് ഫ്രണ്ടിനോട് വർത്തമാനം പറഞ്ഞിരിക്കുന്നതുപോലെയായിരുന്നു ദിവ്യകാരുണ്യസന്നിധിയിൽ അവന്റെ ഇരിപ്പ്. കർത്താവിന്റെ കൂടെ കൂട്ടുകൂടി അവൻ കമ്പ്യൂട്ടറിന്റെ മാസ്റ്ററായി. നവമാധ്യമങ്ങൾ കൈകാര്യം ചെയ്യാനുള്ള അവന്റെ പ്രാവീണ്യത്തെക്കാൾ ഉപരി സ്വയാർജ്ജിത വിജ്ഞാനം പങ്കുവയ്ക്കാനുള്ള അവന്റെ നിസ്വാർത്ഥമായ ഉൽസാഹമാണ് അനേകരെ അവനിലേക്ക് ആകർഷിച്ചത്....

ചാൾസിന് എല്ലാവരേയും ഇഷ്ടമായിരുന്നു. പ്രത്യേകിച്ച് അശരണരോടും അഗതികളോടും അംഗവിഹീനരോടും.

15 വർഷം മാത്രമേ എന്റെ കുഞ്ഞ് ഈ ഭൂമിയിൽ ജീവിച്ചുള്ളൂ.... ലണ്ടനിൽവച്ച് 3-5-1991-ൽ ആയിരുന്നു. അവനെ ഈശോ ഞങ്ങൾക്കു സമ്മാനമായി നൽകിയത്!!. കുഞ്ഞിനെ കണ്ടവരൊക്കെ പറഞ്ഞു... "ആൻഡ്രുവിന്റെയും അന്റോണിയായുടെയും അനുഗ്രഹം". അതെ, അവൻ അനുഗ്രഹമായിരുന്നു. അവൻ പിറന്ന ലണ്ടൻ മാത്രമല്ല. അവർ വളർന്ന ഇറ്റലിയിലെ മിലാനും ലോകം മുഴുവനും അവൻ അനുഗ്രഹമാകുകയായിരുന്നു....

ഞങ്ങളുടെ ഓമനക്കുട്ടൻ ചാൾസ് വളരെ സ്മാർട്ടായിരുന്നു. സന്തോഷം അവന്റെ ഓരോ കോശത്തിലും നിറഞ്ഞുനിന്നിരുന്നു. വളരെ തുറന്ന പ്രകൃതക്കാരനായിരുന്നതുകൊണ്ടാവാം എല്ലാ പ്രായത്തിലുമുള്ളവരും അവന്റെ കൂട്ടുകാരായിരുന്നു!!!

പ്രകൃതിയെ അവൻ സ്നേഹിച്ചു. മൃഗങ്ങളെ അവനു ജീവനായിരുന്നു. രണ്ടു പൂച്ചകളും നാലു പട്ടികളും അവന്റെ സന്തതസഹചാരികളായി. കാർട്ടൂണും ആക്ഷൻ സിനിമയും അവനു ത്രില്ലായിരുന്നു. കമ്പ്യൂട്ടറിലെ അതി വൈദഗ്ധ്യം നാട്ടുകാരുടെയും കൂട്ടുകാരുടെയും ഇടയിൽ അവനെ "ജീനിയസ്സാക്കി".!!!

14 വയസ്സുമാത്രം പ്രായമുള്ളപ്പോൾ ദിവ്യകാരുണ്യ അത്ഭുതങ്ങളെ ആസ്പദമാക്കി അവൻ രൂപം കൊടുത്ത "Virtual exhibition" വൻ വിജയമായിരുന്നു.!! എല്ലാ ഭൂഖണ്ഡങ്ങളിലും ഉള്ള ഭൂവാസികൾക്ക് ഭൂലോകനാഥനായ കർത്താവിനെ വാഴ്ത്തി പുകഴ്ത്തുവാൻ ദീപ്തി പകർന്നേകി.





അനുദിന ബലിയർപ്പണത്തിൽ ആനന്ദം കണ്ടെത്തിയ ചാൾസ് എപ്പോഴും സ്നേഹത്തോടെ ആവർത്തിക്കുമായിരുന്നു. "കുർബാനയുടെ മഹത്ത്വം ആരും മനസ്സിലാക്കുന്നില്ല...തന്റെ ശരീരവും രക്തവും നമ്മുടെ ഭക്ഷണപാനീയങ്ങളായി നൽകിയ ദിവ്യ അതിഥിയുടെ മഹോന്നത ദാനത്തെ തിരിച്ചറിഞ്ഞിരുന്നെങ്കിൽ. തിരിച്ചുവരാനാവാത്തവിധം നാം കുർബാനയോട് ഒട്ടിച്ചേർന്നിരുന്നേനെ... മഹാത്യാഗത്തിന്റെ മഹനീയഫലങ്ങൾ സ്വന്തമാക്കുമായിരുന്നു... എന്നെ സംബന്ധിച്ചിടത്തോളം വി.കുർബാന സ്വർത്തിലേക്കുള്ള ഹൈവേയാണ്" ("Eucharist is my Highway to Heaven"). ദിവ്യകാരുണ്യ ആരാധനയിൽ ആനന്ദാശ്രുക്കൾ പൊഴിച്ചുകൊണ്ട് ചാൾസ് പറഞ്ഞത് കേട്ടിരുന്നവരുടെ കണ്ണുകളിൽ മാനസാന്തരത്തിന്റെ കണ്ണുനീർ പൊഴിച്ചു!!!

"സൂര്യന്റെ മുമ്പിൽ നാം ഇരിക്കുമ്പോൾ സൂര്യതാപമേറ്റ് നാം കരിഞ്ഞുപോകും, എന്നാൽ ദിവ്യകാരുണ്യസന്നിധിയിൽ നാം ഇരിക്കുമ്പോൾ സ്നേഹാഗ്നിജ്വാലയാൽ നാം വിശുദ്ധരായി ത്തീരും"...എന്റെ ചാൾസിന് ദിവ്യകാരുണ്യത്തോട് വല്ലാത്തൊരു പ്രേമമായിരുന്നു.

15-ാമത്തെ വയസ്സിൽ പെട്ടെന്നൊരു പനി ... സാരമില്ലെന്നു വിചാരിച്ചു ആശുപത്രിയിൽ കൊണ്ടുപോയതാണ്...വിവിധ ടെസ്റ്റുകൾക്കൊടുവിൽ ഞങ്ങളറിഞ്ഞു, ഞങ്ങളുടെ പൊന്നോമനയ്ക്ക് ലുക്കേമിയ!!!

ഭൂമി കാൽക്കീഴിൽ കറങ്ങുന്നതുപോലെ ... കറങ്ങിനിന്നു പോയി ഞങ്ങൾ!!!

മകന്റെ രോഗകിടക്ക ഞങ്ങൾക്കൊരു ഗദ്സമെനി ആയിരുന്നു!!!

ആ ഗദ്സമെനിയിൽ സന്തോഷത്തോടെ "എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നിറവേറട്ടെ" എന്നു പ്രാർത്ഥിക്കുന്ന എന്റെ മകനിൽ ഞാൻ ക്രൂശിതനെ കണ്ടു!!

വേദനയുടെ കാൽവരിക്കുന്നിൽ നിന്നവൻ പറഞ്ഞു: "എന്നെക്കാൾ സഹിക്കുന്ന എത്രയോ പേരുണ്ട് ഈ ലോകത്തിൽ. എന്റെ വേദനകളൊക്കെ സമൂഹത്തിനുവേണ്ടി, സഭയ്ക്കുവേണ്ടി, പരി. പിതാവിനുവേണ്ടിയൊക്കെ ഞാൻ കാഴ്ചവയ്ക്കുകയാണ്. അതുകൊണ്ട് ഞാൻ ശുദ്ധീകരണസ്ഥലത്തു പോകാതെ സ്വർഗ്ഗത്തിലേക്കു പോകും".

2006 ഒക്ടോബർ 12-ന് ചാൾസ് ...അവൻ പറഞ്ഞതുപോലെ ഒരു വെള്ളരിപ്രാവിനെപ്പോലെ സ്വർഗ്ഗത്തിലേക്ക് പറന്നുയർന്നു... അവന്റെ ബെസ്റ്റ് ഫ്രണ്ടിന്റെ നിത്യവസതിയിൽ, നിത്യമായി സന്തോഷിക്കാൻ..."

പ്രിയ ചാൾസ്, നീയാണു ഞങ്ങളുടെ ഹീറോ... നീ നൽകിയ വിശുദ്ധിയുടെ കിറ്റ് നവമാധ്യമങ്ങളിലൂടെ അനേകർ ലൈക്ക് ചെയ്ത് ഷെയർ ചെയ്യുകയാണ്. പ്രിയ കൂട്ടുകാരാ... ഇതാ ഇന്നുമുതൽ 'കിറ്റ് റ്റു ബികം ഹോളി' ഞങ്ങളും സ്വന്തമാക്കുകയാണ്.... നിന്നെപ്പോലെ ജീവിക്കാൻ, വിശുദ്ധരാകാൻ....

ചാൾസിന്റെ കിറ്റ് (കിറ്റ് റ്റു ബികം ഹോളി)

1. വിശുദ്ധിക്കുവേണ്ടി തീവ്രമായി ആഗ്രഹിക്കുക. ആഗ്രഹമില്ലെങ്കിൽ ഈ ആഗ്രഹം എന്നിൽ ജനിപ്പിക്കണമേയെന്ന് ത്രീവമായി പ്രാർത്ഥിക്കുക.
2. അനുദിനം ബലിയർപ്പിച്ച് വി. കുർബാന സ്വീകരിക്കുക.
3. അനുദിനം ജപമാല ചൊല്ലുക.
4. അനുദിനം വചനം വായിക്കുക.
5. നിങ്ങൾക്കു കഴിയുമെങ്കിൽ ഈശോയുടെ സാന്നിധ്യം നിറഞ്ഞുനിൽക്കുന്ന ദിവ്യകാരുണ്യസന്നിധിയിലിരുന്ന് ദിവ്യകാരുണ്യ ആരാധനയിൽ കുറച്ചു സമയം ചെലവഴിക്കുക.
6. നിങ്ങൾക്കു കഴിയുമെങ്കിൽ എല്ലാ ആഴ്ചയും അനുതപിച്ച് കുമ്പസാരിക്കുക.
7. കൊച്ചുകൊച്ചു ത്യാഗങ്ങൾ ഈശോയ്ക്കും പരി.അമ്മയ്ക്കും കാഴ്ചവച്ച് സഹജരെ സഹായിക്കുക.
8. നിങ്ങളുടെ ഉത്തമസുഹൃത്തായ കാവൽമാലാഖയുടെ സഹായം നിരന്തരം അപേക്ഷിക്കുക.



# ഇത് നിങ്ങളാണോ?

**ഫാ. ഷിബു പുളിക്കൽ**
റെക്ടർ, സെൻ്റ് തോമസ് മൈനർ സെമിനാരി
കല്യാൺ രൂപത

1. ഒരു രാജാവിനു നാലു മക്കളുണ്ടായിരുന്നു. ഒരാൾ എല്ലിൽ മാംസം ഉണ്ടാക്കുന്നതിൽ വിദഗ്ധനായി. രണ്ടാമത്തെയാൾ തൊലിയുണ്ടാക്കുന്നതിലും മൂന്നാമത്തെയാൾ രോമം ഉണ്ടാക്കുന്നതിലും നാലാമത്തെയാൾ ജീവൻ കൊടുക്കുന്നതിലും. കാട്ടിൽ നായാട്ടിനു പോയപ്പോൾ കുറേ എല്ലിൻ കഷണങ്ങൾ കിടക്കുന്നതു കണ്ട്, അതിനു മാംസവും തൊലിയും രോമവും ജീവനും കൊടുത്തു. അപ്പോൾ അത് ഒരു സിംഹമായി മാറി. അതോടെ അവരുടെ കഥയും കഴിഞ്ഞു.

**അറിവുണ്ട്. എന്നാൽ വിവേകമില്ല.**

2. കുട്ടിയും പട്ടിയും റെയിൽവേ പ്ലാറ്റ്ഫോമിൽ കളിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു യാത്രക്കാരൻ ഒരു പൊതി വെളിയിലേക്കെറിഞ്ഞു. കുട്ടിയും പട്ടിയും ആ പൊതിക്കു പിന്നാലെ ഓടി. പൊതി കയ്യിൽ കിട്ടിയ കുട്ടി അത് അഴിച്ചു നോക്കിയപ്പോൾ അതിൽ ഒരു ചപ്പാത്തി കണ്ടു. രണ്ടു പേരും പരസ്പരം നോക്കി. ആ കുട്ടി ചപ്പാത്തിയുടെ പകുതി ആ പട്ടിക്കു നല്കി.

**സ്നേഹം പങ്കുവയ്ക്കലാണ്.**

3. ഒരാൾ പള്ളിയിൽ വന്നാൽ സ്ഥിരം പുറത്തു നില്ക്കുമായിരുന്നു. ഒരു ദിവസം വികാരിയച്ചൻ അതിന്റെ കാരണം അന്വേഷിച്ചു. അപ്പോൾ അയാൾ പറഞ്ഞു: "അച്ചോ, പള്ളിയിലുള്ള എല്ലാവരും പാപികളാണ്". അപ്പോൾ അച്ചൻ പറഞ്ഞു: "ഒരാൾക്കുകൂടി പള്ളിയിൽ നില്ക്കുവാനുള്ള സ്ഥലമുണ്ട്".

**ആദ്യം സ്വന്തം കണ്ണിലെ കരട് കാണുക.**

4. "രക്ഷിക്കണേ, കൊല്ലുന്നേ...". നിലവിളികേട്ട് ആളുകൾ ആ വീട്ടിലേക്ക് ഓടിച്ചെന്നു. അപ്പോൾ കുടുംബനാഥൻ കത്തി പിടിച്ചുകൊണ്ടു നില്ക്കുന്നു. വീടിന്റെ പേര് 'പറുദീസാ'!

**വീടിന് പേരു മാത്രം മതിയോ**

5. പത്രത്തിൽ വന്ന വാർത്ത: ഓണത്തിനും ക്രിസ്തുമസ്സിനും ഈ വർഷം 25000 ആളുകൾ കുറവാണ് കുടിച്ചത്. കുടി നിർത്തിയതല്ല. കുറേപ്പേർ കുടിച്ചു മരിച്ചതുകൊണ്ട് അത്രയും ആളുകൾ കുറഞ്ഞുപോയെന്നു മാത്രം

**വിരോധാഭാസം എന്നല്ലാതെ എന്തു പറയാൻ**

(ഷിബു പുളിക്കലച്ചന്റെ പ്രസിദ്ധീകരിക്കാനിരിക്കുന്ന 'ഇത് നിങ്ങളാണോ?' എന്ന പുസ്തകത്തിൽനിന്ന്)







# ക്രൂശിൽ വിടർന്ന പൂക്കൾ

**ജൂലി വന്യംപറമ്പിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ആത്മാവിന്റെ ഫലങ്ങൾ**

*സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം ഇവയാണ്"*

*(ഗലാ 5,22-23)*

പതിവുപോലെ അന്നും ക്രൂശിലേക്ക് അവൾ നോക്കി. ക്രൂശിതന്റെ രോദനം അവിടെയുണ്ട്. പക്ഷേ ആ തണലിൽ നഷ്ടങ്ങളൊക്കെ ലാഭങ്ങളാക്കിയ പുതിയൊരു ഗണിതം അവൾ പഠിച്ചു. ശരിയാണ്, സഹനം അതിന്റെ പരമകാഷ്ഠയിൽ എത്തിയത് ക്രൂശിലാണ്. എന്നാൽ... ക്രൂശിന്റെ വിരിമാറിൽ പൂത്തുലഞ്ഞു നിൽക്കുന്ന പൂക്കൾ! അവ തന്നെ വല്ലാതെ ആകർഷിക്കുന്നു. കുരിശിന്റെ നിശ്ശബ്ദതയിൽ ഇവ വിടരുന്നത് വിസ്മയനീയം തന്നെ. ഓരോ പൂവും ഇറുത്തെടുക്കണം. എങ്ങനെ? കാൽവരി കയറുക അത്ര എളുപ്പവുമല്ല. എന്താണൊരു പോംവഴി? അവൻ തന്നെ പറഞ്ഞിട്ടുണ്ടല്ലോ "വഴിയും സത്യവും ജീവനും ഞാനാണ്" എന്ന് (യോഹ 14,6). സാക്ഷാൽ വഴിയായവൻ വഴി കാട്ടിയാവില്ലേ? തീർച്ചയായും അവനെന്നെ വഴിനടത്തും. "കലമാനെ വെല്ലുന്ന വേഗത എന്റെ പാദങ്ങൾക്ക് ഏകുകയും ചെയ്യും" (ഹബ 3,19).

ഞാനവനോട് ചോദിച്ചു: എങ്ങനെ നീ ഇത്രമാത്രം ശാന്തനായി? ദ്രോഹങ്ങളൊക്കെയും നീ ക്ഷമിച്ചു. കുത്തിമുറിവേല്പിച്ചവനും നീ സൗഖ്യമേകി. ശപിച്ചവരുടെയും നിന്ദിച്ചവരുടെയുംമേൽ നീ കരുണ പൊഴിച്ചു. നിന്റെ ദൈവപുത്രത്വത്തിനുമേൽ ഉയർന്ന വെല്ലുവിളിയിലും നീ പതറിയില്ല. നിന്നിലേക്കു ആഞ്ഞുതറച്ച ആണികളും മുൾമുടിയും നിന്നെ ഏറ്റുവാങ്ങിയ കുരിശും നീ 'അനുഗ്രഹ'മാക്കി.

അവന്റെ മൗനം പല കാര്യങ്ങളും എന്നെ പഠിപ്പിച്ചു. കുരിശിന്റെ ജ്ഞാനം എന്നെ ത്രസിപ്പിച്ചു. അവൻ വാഗ്ദാനം ചെയ്ത സഹായകനെ ഞാനോർത്തു. "സത്യാത്മാവു വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കും. അവൻ സ്വമേധയാ ആയിരിക്കയില്ല സംസാരിക്കുന്നത്. അവൻ കേൾക്കുന്നതു മാത്രം സംസാരിക്കും. വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളെ അറിയിക്കും. അവൻ എനിക്കുള്ളവയിൽനിന്നും സ്വീകരിച്ച് നിങ്ങളോടു പ്രഖ്യാപിക്കും. അങ്ങനെ അവൻ എന്നെ മഹത്ത്വപ്പെടുത്തും" (യോഹ 16,13-14). പൂർണ്ണതയിലേക്കു നയിക്കുന്ന സത്യാത്മാവിൽ ഞാൻ വ്യാപരിച്ചാൽ ക്രൂശിലെ ഓരോ പൂവും എനിക്കും സ്വന്തമാക്കാം. ഇനി വൈകരുത്.



ഞാനെന്നോടുതന്നെ മന്ത്രിച്ചു.... എന്റെ തമ്പുരാനെ.... എന്നെയും ഈ കുരിശിനോട് ചേർത്തു നിർത്തണേ. എന്റെയും കയ്പാർന്ന ജീവിതം നിന്റെ കുരിശാകുന്ന തടിക്കഷണത്താൽ മധുരിതമാക്കണമെ. പരിശുദ്ധാത്മാവേ, ദൈവികവെളിപാട് അനുസരിച്ചും അന്യോന്യം ക്ഷമിച്ചും സഹിച്ചും കരുണയോടെ ജീവിക്കുവാൻ എന്നെ അനുഗ്രഹിക്കണമെ.





# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനക്രമവത്സരത്തിൽ ശ്ലീഹാക്കാലം സഭയും പരിശുദ്ധാത്മാവും തമ്മിലുള്ള ബന്ധത്തെ അനുസ്മരിപ്പിക്കുന്നതാണല്ലോ. സഭാസമൂഹം പ്രാർത്ഥനയിൽ മുഴുകിയിരുന്ന പശ്ചാത്തലത്തിലും ആ സമൂഹത്തിലുമാണ് പന്തക്കുസ്താനുഭവമുണ്ടായത് (നട 1,14; 2,1-13). പന്തക്കുസ്താനുഭവം നടപടിപുസ്തകത്തിലെ വിവരണത്തിൽ ഭാഷാവരങ്ങൾ പോലെയുള്ള വിസ്മയകരമായ പ്രതിഭാസങ്ങൾ ഉൾക്കൊള്ളുന്നവയായതുകൊണ്ട് പരിശുദ്ധാത്മാവിലുള്ള ജീവിതം വരദാനങ്ങളെ ഉണർത്തുന്ന ജീവിതവുമായി മാത്രം താദാത്മ്യപ്പെടുത്തി കാണുന്ന ഒരു അപകടം ഇന്നു നിലവിലുണ്ട്. തീർച്ചയായും അരൂപിയിലുള്ള ജീവിതനവീകരണമുണ്ടാകുമ്പോൾ വരദാനങ്ങളുടെ ഉണർവുണ്ടാകുമെന്നതിന് സംശയമില്ല. എന്നാൽ അരൂപിയിലുള്ള ജീവിതനവീകരണത്തിന്റെ പ്രധാനപ്പെട്ട ഫലം വിശുദ്ധിയിലുള്ള വളർച്ചയാണ്. കാരണം, പരിശുദ്ധാരൂപി വിശുദ്ധിയുടെ അരൂപിയാണ് (റോമാ 1,4). അരൂപിയിൽ ജീവിക്കുന്നവരിലെല്ലാം ഉളവാകുന്നത് അരൂപിയുടെ ദാനങ്ങളും ഫലങ്ങളുമാണ്. അരൂപിയുടെ ഏഴു ദാനങ്ങൾ വിശുദ്ധിയിൽ വളരാൻ നമ്മെ സഹായിക്കുന്നെങ്കിൽ അരൂപിയുടെ ഫലങ്ങൾ വിശുദ്ധിയിൽ വളരുന്നവരിൽ ദൃശ്യമാകുന്നവയാണ്. 'റൂഹാദ്ക്കുദ്ശാ' (വിശുദ്ധിയുടെ ആത്മാവ്) എന്ന സുറിയാനിപദം ഈ വസ്തുതയെ ഓർമ്മിപ്പിക്കുന്നതാണ്. വിശുദ്ധിയുടെ പ്രേഷിതകുടുംബത്തിലെ അംഗങ്ങളായ നമുക്ക് വിശുദ്ധിയിൽ വളരുവാനും എല്ലാവരെയും വിശുദ്ധിയിൽ വളർത്തുവാനുമുള്ള ഒരു കാലഘട്ടമായി ഈ ശ്ലീഹാക്കാലം പരിണമിക്കട്ടെ!

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

2016 മാർച്ച് 15-ാം തീയതി മാങ്ങാനം സ്പിരിച്ചാലിറ്റി സെന്ററിൽ കൂടിയ സെനക്കിൾസമ്മേളനത്തിൽവച്ച് 2016 ഓഗസ്റ്റ് 21 മുതൽ 27 വരെ ഇറ്റലിയിലെ സുബിയാക്കോയിൽവച്ച് നടക്കാനിരിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ അസംബ്ലിയിൽ സംബന്ധിക്കേണ്ട 10 പ്രതിനിധികളെ തിരഞ്ഞെടുത്തു. തിരഞ്ഞെടുക്കപ്പെട്ട ബഹുമാനപ്പെട്ട വൈദികർ: ജോർജ് പഴയപുര, ജോർജ് കൊച്ചുപറമ്പിൽ, ജേക്കബ് വാരിക്കാട്ട്, തോമസ് തെക്കേമുറി, ജേക്കബ് കൊടിമരത്തുമൂട്ടിൽ, എമ്മാനുവൽ പെരിയപ്പുറം, മൈക്കിൾ നരിക്കാട്ട്, ജോസ് മാത്യു പറപ്പള്ളി, സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ, മാത്യു താന്നിയത്ത്. മല്പാൻ മാത്യു വെള്ളാനിക്കലച്ചനും ബഹു. ജോസഫ് ചാലാശ്ശേരിയച്ചനും ജനറൽ കൗൺസിൽ അംഗങ്ങൾ എന്ന നിലയിൽ ജനറൽ അസംബ്ലിയിലെ ഔദ്യോഗിക അംഗങ്ങളാണ്.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# ആത്മീയതയുടെ പരിവേഷങ്ങളും അരൂപിയുടെ ഫലങ്ങളും

ഷിനി തെരേസ് മുതുപ്ലാക്കൽ

വൻ തട്ടിപ്പുകളുമായി വൻ സ്രാവുകൾ കുടുങ്ങുന്ന വാർത്തകൾ നാം കണ്ടുകൊണ്ടിരിക്കുകയാണ്. തട്ടിപ്പും വെട്ടിപ്പുമൊക്കെ കൂടിവരുന്ന ഇക്കാലത്ത് ചെറിയ ചെറിയ തട്ടിപ്പുകൾ ഒരു വാർത്തയാകാറുമില്ല. മറ്റുള്ളവരെ ചൂഷണം ചെയ്യുന്ന ഒരു പ്രവൃത്തിയും നീതീകരിക്കാവുന്നതല്ല. വിദ്യാസമ്പന്നരെന്ന് അഭിമാനിക്കുന്ന മലയാളികളേറെയും വളരെപ്പെട്ടെന്നുതന്നെ ഇത്തരം ചൂഷണങ്ങൾക്കിരയാകുകയും ചെയ്യും.

സാമ്പത്തികമേഖലകളിലെ ചൂഷണം മാത്രമേ പെട്ടെന്നു ശ്രദ്ധയിൽപെടാറുള്ളു. എന്നാൽ ആത്മീയമേഖലകളിലും ചൂഷണങ്ങൾ നടക്കാറില്ലേ? ആത്മീയതയുടെ പരിവേഷങ്ങളണിയുന്ന പലരും യഥാർത്ഥത്തിൽ ആത്മീയരാണോ എന്നു ചിന്തിക്കേണ്ടതുണ്ട്. കാരണം ഈശോതന്നെ ഇപ്രകാരം മുന്നറിയിപ്പു നല്കുന്നുണ്ട്: "ആരും നിങ്ങളെ വഴിതെറ്റിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ. പലരും എന്റെ നാമത്തിൽ വന്ന്, ഞാൻ മിശിഹായാണ് എന്നു പറയുകയും അനേകരെ വഴിതെറ്റിക്കുകയും ചെയ്യും" (മത്താ 24,5-6). അവിടുന്ന് വീണ്ടും പറയുന്നു: "അന്ന് പലരും എന്നോടു ചോദിക്കും: കർത്താവേ, കർത്താവേ, ഞങ്ങൾ നിന്റെ നാമത്തിൽ പ്രവചിക്കുകയും നിന്റെ നാമത്തിൽ പിശാചുക്കളെ പുറത്താക്കുകയും നിന്റെ നാമത്തിൽ നിരവധി അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തില്ലേ? അപ്പോൾ ഞാൻ അവരോടു പറയും: നിങ്ങളെ ഞാൻ ഒരിക്കലും അറിഞ്ഞിട്ടില്ല; അനീതി പ്രവർത്തിക്കുന്നവരേ, നിങ്ങൾ എന്നിൽനിന്ന് അകന്നുപോകുവിൻ" (മത്താ 7,22-23).

ഈശോയുടെ നാമത്തിൽ ചെയ്യുന്ന പ്രവചനങ്ങളും അത്ഭുതങ്ങളുമൊന്നുമല്ല സ്വർഗരാജ്യപ്രവേശനത്തിനു നിദാനം എന്നത് ഈ വാക്കുകൾ വ്യക്തമാക്കുന്നുണ്ട്. അതുപോലെതന്നെ, ദൈവം ആഗ്രഹിക്കാതെ ഇവയൊക്കെ ചെയ്യാമെന്നും ഇതു സൂചിപ്പിക്കുന്നുണ്ട്. ഒരുവനിലുള്ള വരദാനങ്ങൾ ആ വ്യക്തിയിലുള്ള ദൈവസാന്നിദ്ധ്യത്തിന്റെ തെളിവായി, വിശുദ്ധമായ ജീവിതത്തിന്റെ തെളിവായി കാണാനുള്ള പ്രേരണയാണ് സാധാരണയായി നമുക്കുള്ളത്. എന്നാൽ "കർത്താവേ, കർത്താവേ എന്ന്, എന്നോടു വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗസ്ഥനായ ഇഷ്ടം നിറവേറ്റുന്നവനാണ്, സ്വർഗരാജ്യത്തിൽ പ്രവേശിക്കുക" (മത്താ 7,21) എന്നാണ് ഈശോ അരുളിച്ചെയ്തിരിക്കുന്നത്.

വരദാനങ്ങൾ തീർച്ചയായും നല്ലതുതന്നെ. അവ ദൈവദാനങ്ങളുമാണ്. ഒരേ ആത്മാവുതന്നെയാണ് തന്റെ ഇച്ഛക്കൊത്ത് ഓരോരുത്തർക്കും പ്രത്യേക പ്രത്യേക ദാനങ്ങൾ നല്കുന്നത് (1 കൊറി 12,8-11). ആത്മീയവരദാനങ്ങളെക്കുറിച്ചു വിശദീകരിക്കുമ്പോൾ, "ഓരോരുത്തരിലും ആത്മാവു വെളിപ്പെടുന്നത് പൊതുനന്മയ്ക്കുവേണ്ടിയാണ്" (1 കൊറി 12,7) എന്ന് വി. പൗലോസ്ശ്ലീഹാ പറയുന്നത് പ്രത്യേകം ശ്രദ്ധേയമാണ്. അതുപോലെതന്നെ, "ദൈവം സഭയിൽ ഒന്നാമത് ശ്ലീഹന്മാരെയും രണ്ടാമത് പ്രവാചകന്മാരെയും മൂന്നാമത് പ്രബോധകരെയും തുടർന്ന് അത്ഭുതപ്രവർത്തകർ, രോഗശാന്തി നല്കുന്നവർ, സഹായകർ, ഭരണകർത്താക്കൾ, വിവിധ ഭാഷകളിൽ സംസാരിക്കുന്നവർ എന്നിവരെയും നിയമിച്ചിരിക്കുന്നു" (1 കൊറി 12,28) എന്നാണ് രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്. വ്യത്യസ്ത ദാനങ്ങൾ ലഭിച്ചിരിക്കുന്ന സഭാശരീരത്തിലെ അംഗങ്ങളെല്ലാം ശ്ലീഹന്മാർക്കും അവരുടെ പിൻഗാമികൾക്കും വിധേയരായിരിക്കണമെന്നാണ് ഇതു വ്യക്തമാക്കുന്നത്. ആദിമസഭയിലെ ഈ മുൻഗണനക്രമം ഇക്കാലത്ത് നേർവിപരീതമായി അനുഭവപ്പെടുന്നു എന്നത് ഒരു വിരോധാഭാസംതന്നെ!

ദൈവാത്മാവിന്റെ വരദാനങ്ങൾ പൊതുനന്മയ്ക്കല്ലാതെ സ്വന്തം ഉത്കർഷത്തിനായി ഉപയോഗിക്കുന്നത് ശരിയല്ല. അങ്ങനെ ചെയ്യുമ്പോഴാണ് "അനീതി പ്രവർത്തിക്കുന്നവരേ" (മത്താ 7,23) എന്ന ദൈവസ്വരം ഉയരുന്നത്. അതുകൊണ്ടുതന്നെ, ഒരുവന്റെ വിശുദ്ധിയുടെ മാനദണ്ഡം അവനു ലഭിച്ചിരിക്കുന്ന ദാനങ്ങളല്ലെന്നു വ്യക്തമാണ്.

ഒരു വ്യക്തിയിലുള്ള ദൈവാത്മാവിന്റെ ഫലങ്ങളാണ് അവന്റെ വിശുദ്ധിയുടെ അടയാളം: "ആത്മാവിന്റെ ഫലങ്ങൾ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം ഇവയാണ്" (ഗലാ 5,22-23). പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ ധ്യാനവിഷയമാക്കുന്ന ഈ കാലഘട്ടത്തിൽ നമുക്കോരോരുത്തർക്കും അവിടുത്തെ പ്രവർത്തനങ്ങൾക്കു വിധേയപ്പെടാം. ഹൃദയം കാണുന്ന ദൈവത്തിനു മുമ്പിൽ ആത്മീയതയുടെ പരിവേഷങ്ങൾ നമുക്കുപേക്ഷിക്കാം. ആത്മാവിന്റെ ഫലങ്ങളാൽ നിറയപ്പെടുവാൻ നമുക്കു പ്രാർത്ഥിക്കാം; പരിശ്രമിക്കാം.



# അമ്മയോടൊപ്പം അനുഗ്രഹവഴിയേ

**ബെറ്റി കച്ചിറ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ഉത്ഥാനത്തിനുശേഷം പ്രാർത്ഥനയിൽ ഒരുമിച്ചിരുന്ന ശിഷ്യന്മാരുടെമേൽ വന്നുനിറഞ്ഞ പരിശുദ്ധാത്മാവേ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. ചിതറിയ ശിഷ്യഗണത്തെ ഒന്നിപ്പിച്ച പരി. അമ്മേ, ഒരേ ആത്മാവോടും, മനസ്സോടുംകൂടെ ദൈവത്തെ പാടിപ്പുകഴ്ത്തുവാൻ വേണ്ട ശക്തിയ്ക്കായി ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ.

**1-ാം ദിവ്യരഹസ്യം**

ഇന്നീധരയിൽ ചിരകാലം
വിശ്വാസത്തിൻ സത്യങ്ങൾ
വളരാൻ പടരാൻ കൃപ യേശു
അമ്മേ പ്രാർത്ഥിച്ചിടണമേ.
1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.

**2-ാം ദിവ്യരഹസ്യം**

സത്യാത്മാവാം റൂഹായേ
ശിഷ്യന്മാരിലയച്ചതുപോൽ
ഞങ്ങളും ആത്മാവാൽ നിറയാൻ
അമ്മേ പ്രാർത്ഥിച്ചീടണമേ.
1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.

**3-ാം ദിവ്യരഹസ്യം**

സഹനത്തിൻ കൂരമ്പുകളിൽ
ത്യാഗത്തിൻ മരുഭൂമികളിൽ
പ്രാർത്ഥനയാൽ ശക്തി ധരിച്ചിടാൻ
പ്രാർത്ഥിച്ചിടണമേ അമ്മേ നീ
1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.

**4-ാം ദിവ്യരഹസ്യം**

ശ്ലീഹന്മാരാൽ പ്രോജ്ജ്വലയാം
സഭയെ നാഥാ കാക്കണമേ
വിശ്വാസത്തിൻ സാക്ഷികളായ്
എരിയാൻ കൃപ നീ നല്കണമേ
1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.

**5-ാം ദിവ്യരഹസ്യം**

സുവിശേഷത്തിൻ സത്യങ്ങൾ
ധീരതയോടെ പകർന്നീടാൻ
ശിഷ്യർ കാട്ടിയ തീക്ഷ്ണതയാൽ
അമ്മേ ഞങ്ങളും എരിയട്ടെ
1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.

സമാപനപ്രാർത്ഥന

പരിശുദ്ധ അമ്മേ, ഭയംകൂടാതെ സുവിശേഷ പ്രഘോഷണത്തിന് ധൈര്യം കാട്ടിയ ശിഷ്യന്മാരെപ്പോലെ സന്മനസ്സോടെ, സ്നേഹത്തോടെ ദൈവരാജ്യത്തിന് സാക്ഷികളായി വർത്തിക്കുവാൻ ഞങ്ങൾക്കു കൃപ നീ നല്കണമേ.





വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ
ഞങ്ങൾക്കു നല്കണമേ

## Spirituality Centre Programme

**May**

2-7 Annual Retreat for Apostolic Oblates
8-9 Formation Programme
10 Bible Study Forum
10-11 Cenacle Gathering (Sodales&Aspirants)
13 Social Animators
14 Social Animators & School of Bible
16-20 Superiors' Meet
22-27 Annual Retreat for Oblates

**June**

10 Social Animators
11 Social Animators & School of Bible
14 Bible Study Forum
14-15 Cenacle Gathering (Sodales&Aspirants)
15 Family Gathering
18 Recollection for Oblates

RNI: KERMAL/2014/59983
Published on
24th April 2016

PRATHEEKSHAYUDE POOMOTTUKAL
(Malayalam Monthly)

Registered: KL/KTM/72/2015-17
Licence No: KL/CR/KTM/WPP-43/2015-17
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

“ത്രിത്വത്തിൻ നാമം
ഏറ്റുപറഞ്ഞീടും
സഭയോടൊത്തായ്
ത്രിത്വസ്തുതികൾ പാടീടാൻ
ത്രിത്വസ്നേഹം ഘോഷിക്കാൻ
റൂഹാ നല്കിയ ശക്തികളാൽ
വിശ്വാസത്തിലുറച്ചീടാൻ
നാഥാ നീ - സദയം കനിയണമേ”

(ശ്ലീഹാക്കാലം, ഞായർ-എന്താനാ)

Printed, Published & Owned by Annamma Kulathupurayidom, Apostolic Oblates, Manganam P.O., Kottayam - 686 018, Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph: 0481-2570862, E-mail: wigipress@gmail.com and Published at Spirituality Centre, Manganam P.O., Kottayam - 686 018, Ph: 0481 2578192, E-mail: psmktm@gmailcom.
Editor: Fr. Mathew Vellanickal